| Valavayal | 1735 | | | | 2304 | | 1247 | | | 1492 | 1279 | 1517 | | 2200 | 2177 | 1025 | | 44260 | | 2000 | 1500 |
| Valiakolly | 350 | 600 | 1000 | 650 | 400 | 600 | 500 | 450 | 600 | 400 | 600 | 250 | 500 | 200 | 400 | 400 | 5000 | 10000 | 350 | 300 | |
| Vallikett | 433 | 780 | 3000 | 1303 | 330 | 430 | 1338 | 1277 | 2000 | 464 | 1542 | 517 | 441 | 340 | 390 | 496 | 4325 | 35500 | | 3537 | 1380 |
| Vanjode | 400 | 500 | 5550 | 400 | 600 | 500 | 700 | | 1000 | 500 | 1200 | 400 | 500 | 300 | 300 | 400 | | 20000 | 400 | 400 | 800 |
| Vazhavatta | 3000 | | 25000 | | 5000 | 3000 | 5000 | | 20000 | 4000 | 7500 | 4500 | 4000 | 3500 | 4000 | 2500 | | 50000 | 10,000 | 15000 | |
| Velloonny | 2750 | 450 | 12000 | 3104 | | 3100 | | 2134 | | 1298 | | 3158 | | | | 2455 | 11000 | | 1200 | | |
| Vilambukan dam | 1200 | 1150 | 1250 | 1822 | 1210 | 1125 | 1200 | 2000 | 5000 | 1075 | 2000 | 2000 | 2000 | 2500 | 2100 | | 10700 | 58670 | | 5611 | 1210 |
| Vimalagiri | 400 | 400 | 5000 | | 200 | 200 | 1000 | 750 | 5000 | 1000 | 500 | 400 | 750 | 150 | 500 | 500 | | 30598 | 1000 | 500 | 1000 |
| Vythiri | 300 | 500 | 1500 | | 250 | 1000 | 2000 | | 1500 | 600 | 500 | 500 | 500 | 600 | 750 | 500 | 5000 | 13600 | 1500 | 4000 | 1000 |
| Yavanarkulam | | | | | | | | | | | | | | | | | 4500 | | | | 1300 |
| Valery | 1087 | | 1657 | 1100 | | 1204 | 3035 | 1400 | 1245 | 680 | 1235 | 1040 | 972 | 940 | 635 | 1055 | 6450 | 29513 | 1587 | 3940 | 1095 |
| Thrikkaippetta | 500 | 500 | 2000 | | 300 | 500 | 1500 | | 1000 | 300 | 300 | 300 | 500 | 300 | 500 | 1000 | | 15000 | | | |
| Kalathuvayal | | | 15000 | | | | | | | | | | | | | | | | | 5000 | |
| Venniyod | | | | | | | | | 2540 | | | | | | | | | | | | |

## Seminary Formation Special Donors

| | |
|---|---|
| CML Bethery Mekhala- Executive | 5000 |
| Cicily Valliyil Kenichira | 20000 |
| Rev.Fr.Joseph Plathottam | 200000 |
| SH Provincial House Dwaraka | 150000 |
| Mr.Augustin Madapallikunnel | 4000 |
| SH Novitiate House Puthusserykadave | 5000 |
| Philipose Kattakayam Memorial | |
| Charitable Trust | 10000 |
| N.U.John Nedumkombil | 5000 |
| Shibu Poozhipurath | 30000 |
| Miss.Selvia Kuriakose Payyampally | 30000 |
| St.Catherince Church, Payyampally | 30,000 |
| Panos Cheeramattam, Kelakam | 25,000 |
| St. Alphonsa Church, Dwaraka | 10,000 |
| Rosamma Painadath, Bathery | 10,000 |
| Thomas Manjipuzhathundiyil, Panamaram | 27000 |
| Varghese Vattalil, Kayyunny | 30,000 |
| Thomas Kadambamattam, Mananthavady Town | 30,000 |
| John Tharappel, Chulliyode | 30,000 |
| Thomas Pullanthanickal, Marakav | 20,000 |
| Baby Chooranolickal, Thonichal | 30,000 |
| Paul Thottithara, Vazhavatta | 30,000 |
| Hopes C/o Fr. Robin Vadakkancheril | 75,000 |
| Thomas Pareeckal, Manimooly | 30,000 |
| Jes Manthanath Puthuparambil, Njarapadam | 20,000 |
| Mathew Padavil, Roobinagar | 30,000 |
| A.U. Joseph Angadiyath, Chithragiri | 30,000 |
| Biju Vattapparayil, Kattikulam | 30,000 |
| Peter Pallichamkudiyil, Mananthavady Town | 25,000 |
| Thresiyamma Panamparambil, Mullenkolly | 30,000 |
| Mathew Chalackal, Mullenkolly | 30,000 |
| Shaji Vazhayil, Pulpally | 30,000 |
| Paul Kannamthanam, Chungakunnu | 50,000 |
| Thondiparambil Kudumbayogam, Nadavayil | 30,000 |
| Sunny Malithara, Panamaram | 2000 |
| Rev. Fr. Thomas Joseph Therakam | 40,000 |
| Jose Vattakunnel, Kalpetta | 50,000 |

| | |
|---|---|
| Dr. V.J. Jose, Nilambur | 10,000 |
| M.P. Thomas Moodikallel, Coonoor | 30,000 |
| Babu, Usha Mananthavady | 20,000 |
| Jessy Teacher | 10,000 |
| Jaimon, Nadavayal | 17,000 |
| Bijo Aadukuzhiyil | 10,000 |
| Linta Shaju Thurutheth, Nilambur | 30,000 |
| James Kochumeeballil, Panavally | 3000 |
| Kuriakose Chavaranal, Panavally | 500 |
| CML | 10,000 |
| Rev. Fr. Joseph Kotteparambil Endovement | 45000 |
| Jessy Poozhipurath | 30,000 |
| Dr. Joy Tharappath | 5000 |
| Benefactor UK | 30,000 |
| **Nepal &Chennai** | |
| SH Provincial House | 20000 |
| ITC Dwaraka | 2500 |
| Vincent De Paul, Chungakkunnu | 1610 |
| Pootharayil Benny, Kartikulam | 1000 |
| Norbert House, Kuzhinilam | 75000 |

| | |
|---|---|
| **Snehanidhi** | |
| Holy Cross Convent, Thonichal | 1000 |
| CMI House, Lakkidi | 2000 |
| MSMI Provincial House, Bathery | 7000 |
| SH Provincial House, Dwaraka | 50000 |

**നടവയൽ ഫൊറോന**

നടവയൽ ഫൊറോനയിലെ 2016 ജൂലൈ മാസത്തിലെ വൈദികരുടെ മാസധ്യാനം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കേണിച്ചിറ ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. മാസധ്യാനത്തിൽ പതിനഞ്ചു വൈദികർ പങ്കെടുക്കുകയുണ്ടായി. ബഹു. ഇടവകവികാരി ജോയി പുല്ലൻകുന്നേലച്ചൻ ഏവർക്കും സ്വാഗതം നേർന്നു. കായക്കുന്ന് ലാസലേറ്റ് ആശ്രമത്തിലേയ്ക്ക് പുതുതായിവന്ന സുപ്പീരിയർ ബഹു. ഫാ.ജെൻസൺ പഴയനിയമത്തിലെ മറ്റുള്ളവരുടെ സ്ഥാനം അപഹരിച്ചെടുക്കുന്ന യാക്കോബ് ഇസ്രായേൽ ആയി തെരഞ്ഞെടുക്കപ്പെട്ടവനായി മാറുന്ന ധ്യാനചിന്തകൾ പങ്കുവെച്ചു. ജെൻസണച്ചനെയും മറ്റു മൂന്ന് പുതിയ ലാസലെറ്റ് വൈദികരെയും ഫൊറോന വികാരി ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ അച്ചൻ സ്വാഗതം ചെയ്തു. എല്ലാ ഇടവകകളിലും എ.കെ.സി.സി. യുടെ ഒരോ യൂണിറ്റ് സ്ഥാപിക്കണമെന്ന ആവശ്യം മീറ്റിംഗിൽ ചർച്ചചെയ്യുകയുണ്ടായി, ഒപ്പം മേഖലാ ഡയറക്ടറായി ബഹു. ജോസ് പൂവക്കുളം (നെയ്ക്കുപ്പ വികാരി) അച്ചനെ തെരഞ്ഞെടുത്തു. മറ്റു സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനത്തിൽ ചർച്ച ചെയ്യുകയുണ്ടായി. മിഷൻ ലീഗിന്റെ ഈ വർഷത്തെ കളർഫുൾ മത്സരം 2016 സെപ്തംബർ 16–ന് നടവയൽ ഫൊറോനയിൽ വച്ച് നടത്താൻ തീരുമാനമുണ്ടായി. മേഖലാ കെ.സി.വൈ.എം. യുവജനങ്ങൾക്കായി ആഗസ്റ്റ് മാസത്തിൽ ഒരു ഏകദിന കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. അടുത്ത മാസധ്യാനം പാദ്രോപിയോ പനമരം ആശ്രമത്തിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**സെക്രട്ടറി**

**ആമുഖസെമിനാർ**

ജൂലൈ 8-11 ദിവസങ്ങളിൽ ദ്വാരക പാസ്റ്ററിൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ആമുഖസെമിനാറിൽ 78 പേർ പങ്കെടുത്തു. ജൂലൈ 16-17 തീയതികളിൽ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ആമുഖസെമിനാറിൽ 25 പേരും X, XI, XII ക്ലാസ്സുകളിലെ അധ്യാപകർക്കായി നടത്തിയ ഉപപാഠപുസ്തക പരിശീലനത്തിൽ 60 അധ്യാപകരും പങ്കെടുത്തു. പങ്കെടുത്തവർക്ക് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. മണിമൂളി പാസ്റ്ററൽ സെന്ററിൽ ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ ബഹു.ജോസ് മേച്ചേരി അച്ചന് പ്രത്യേകമായ നന്ദി.

**DCC സംഗമം**

DCC 2016-2018 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 4-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. DCC യ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികളെ ബഹു. ഹെഡ്മാസ്റ്റേഴ്സ് ഈ വിവരം അറിയിക്കണം എന്നോർമ്മിപ്പിക്കുന്നു. രാവിലെ 9.30 ന് ആയിരിക്കും സംഗമം ആരംഭിക്കുന്നത്. വി.കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 28-ാം തീയതി ഞായറാഴ്ചയാണ് ആദ്യ സെമസ്റ്ററിലെ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും അതിന്റെ മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യണം. ഈ പരീക്ഷയിൽ പാഠപുസ്തകം 60%, ഉപപാഠപുസ്തകം (പാർട്ട്1)-20%, വിശുദ്ധഗ്രന്ഥ ഭാഗം (വചനവിളക്ക്) -5%, പൊതുവിജ്ഞാനം -5%, നമസ്കാരങ്ങൾ -10%, എന്ന രീതിയിൽ ചോദ്യപേപ്പറുകൾ ഇടവകകളിൽത്തന്നെ തയ്യാറാക്കി പരീക്ഷ നടത്തണം. ഈ മാർക്കുകളുടെകൂടെ അടിസ്ഥാനത്തിലാണ് തുടർമൂല്യനിർണ്ണയത്തിന് (CE) മാർക്ക് ഇടേണ്ടത്.

**HDC ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ

മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 10- ന് ദ്വാരകയിലും, 17-ന് മണിമൂളിയിലും, 24-ന് ബത്തേരിയിലും വച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. ആദ്യ ക്ലാസ്സിന് വരുമ്പോൾ കൊണ്ടുവരേണ്ട അസൈൻമെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു. പത്ത് പേജിൽ കവിയാതെയുള്ള അസൈൻമെന്റാണ് സമർപ്പിക്കേണ്ടത്.

വിഷയം: കുടുംബങ്ങളിലെ സ്നേഹാനുഭവം സഭയുടെ ജീവിതത്തിനുള്ള ശക്തിയുടെ ശാശ്വത ഉറവിടമാണ്. ഈ സ്നേഹത്തെ വളർത്താനും ആഴപ്പെടുത്തുവാനുമുള്ള സ്ഥിരാഹ്വാനമാണ് വിവാഹത്തിന്റെ ലക്ഷ്യം. സ്നേഹത്തിന്റെ സന്തോഷം എന്ന ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക പ്രബോധനത്തെ ആധാരമാക്കി സമർത്ഥിക്കുക.

**Plus Two വിദ്യാർത്ഥി സംഗമം**

ഈ വർഷം Plus Two വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷങ്ങളിലേതുപോലെതന്നെ മേഖലാ തലത്തിൽ ക്രമീകരിച്ചിരിക്കുന്നു. സെപ്റ്റംബർ 4-ാം തീയതി മുതലുള്ള ഞായറാഴ്ചകളിലാണ് സംഗമം നടക്കുന്നത്. ഓരോ മേഖലയ്ക്കും കലണ്ടറിൽ തന്നിരിക്കുന്ന തീയ്യതികൾ ശ്രദ്ധിക്കുക. അതേ ദിവസംതന്നെ സംഗമം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**DCC 2014-2016 പരീക്ഷാഫലം**

മാനന്തവാടി രൂപതാ മതബോധനകേന്ദ്രം ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ, ഡിഗ്രി വിദ്യാർത്ഥികൾക്കായി നടത്തിയ 2014-2016 വർഷത്തെ DCC കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. റാങ്ക് ഹോൾഡേഴ്സിനും വിജയികൾക്കും അഭിനന്ദനങ്ങൾ.

I Rank M 12975 Ashly Thankachan Omakkara (Kenichira)
II Rank M 12915 Resna Puthenparambil (Pattanikoop)
III Rank M 13000 Mary Kureekkal (Thalappuzha)

**Detailed Result of DCC 2014 – 2016**

M/ 12900, 12901*, 12903*, 12906*, 12907*, 12914, 12915*, 12916, 12920, 12922, 12924, 12925, 12926*, 12928*, 12929, 12930, 12931*, 12935, 12942, 12943, 12947*, 12952, 12953*, 12954, 12957, 12959, 12969, 12975*, 12985, 12990, 12995, 13000*, 13002, 13007*, 13008, 13009, 13018, 13023, 13024, 13030, 13031, 13034, 13035, 13037, 13041, 13058, 13059*, 13062.

* First Class

**ഫാ. റോയി വട്ടക്കാട്ട്**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

2016-17 വർഷത്തിലെ താളാത്മകമായ, തീക്ഷണതയുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ. വളരെ മനോഹരമായി, 2016-ജൂലൈ 17 ന് ഉച്ചകഴിഞ്ഞ് വിവിധ മേഖല കേന്ദ്രങ്ങളിൽ വച്ച്, മികവാർന്ന പങ്കാളിത്തത്തോടെ മേഖല, രൂപത സാഹിത്യമത്സരങ്ങൾ ക്രമീകരിച്ച മേഖല ഡിറക്ടേഴ്സിനും, ഭാരവാഹികൾക്കും, രൂപത എക്സിക്കുട്ടീവ്, ടീം അംഗങ്ങൾക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

കാരുണ്യപ്രവർത്തികളിലൂടെ മിഷൻ കരങ്ങൾ സജീവമാകുമ്പോൾ, ഓഗസ്റ്റ് മാസം നാം ശ്രദ്ധയൂന്നുക-മരിച്ചവരെ അടക്കുക-എന്ന കാരുണ്യപ്രവർത്തിക്കാണ്. സ്വർഗം ലക്ഷ്യമാക്കിയുള്ള ക്രൈസ്തവ ജീവിതത്തിൽ, മരണം എന്നത്, ഈ ലോക ജീവിതത്തിന്റെ അവസാനവും വരും ലോക ജീവിതത്തിന്റെ ആരംഭവുമാണ്. ആയതിനാൽ ക്രൈസ്തവ ധാർമ്മിക ആത്മീയമൂല്യങ്ങൾ നമ്മുടെ ജീവിതത്തിന് ചാരുത പകരട്ടെ. വി.മത്തായിയുടെ സുവിശേഷം 25:31-46 വാക്യങ്ങൾ നമ്മുക്ക് അനുസ്മരിക്കാം. അവസാന വിധിയിലെ ചോദ്യങ്ങൾ, നിഷ്കളങ്കമായ ജീവിതത്തിന് കാരണമാകട്ടെ. നമ്മുടെ മരണത്തെക്കുറിച്ച് നമ്മുക്ക് ധ്യാനിക്കാം. സാധ്യമാകുന്ന മരണ വീടുകളിലെ പ്രാർത്ഥനകളിൽ അല്പം സമയം ചെലവഴിക്കാം. ഇടവകകളിൽ രൂപീകൃതമായികൊണ്ടിരിക്കുന്ന 'പരസ്നേഹ സംഘ' പ്രവർത്തനങ്ങളെ വിപുലീകരിക്കാം കാരുണ്യത്തിന്റെ കരങ്ങളുമായി മിഷനറിമാർ വളരട്ടെ അങ്ങനെ മിഷൻ വളരട്ടെ.

സ്നേഹപൂർവ്വം,
**ജോജോച്ചൻ**

**സെന്റ് തോമസ് ഡേ അനുസ്മരണം - ബത്തേരിയിൽ**

ഭാരതത്തിന്റെ അപ്പസ്തോലനും മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ തിരുന്നാൾ ബത്തേരി മേഖലയിലെ അസംപ്ഷൻ ശാഖയിൽ വച്ച് നടത്തി. ബത്തേരി മേഖല

പ്രസിഡണ്ട് ജോസ് മാങ്കൂട്ടത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് മേഖല ഡയറക്ടർ ഷാജു മുളവേലിക്കുന്നേലച്ചൻ സ്വാഗതവും മേഖല സെക്രട്ടറി അനീഷ് മടലാങ്കൽ നന്ദിയും പറഞ്ഞു. രൂപതാ എക്സിക്യൂട്ടീവ് അംഗം സിനീഷ് ആപ്പുഴയിൽ സന്ദേശം നൽകി. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ, സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ, ടോം പൂവക്കുന്നേൽ സംസ്ഥാന സെക്രട്ടറി ബിനു മാങ്കൂട്ടം വടക്കനാട് ശാഖ ഡയറക്ടർ ജെയ്സൺ കുഴിക്കണ്ടത്തിലച്ചൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**'പച്ചപ്പിന്റെ തണലിനായ് വിശ്വാസത്തിന്റെ വേരറുക്കരുതേ'**

പരിസ്ഥിതി സംരക്ഷണത്തിനായ് മരതൈകൾ നട്ട് പിടിപ്പിക്കുന്നതിനായ്, ഞായറാഴ്ച പൊതു അവധിദിവസമായി പ്രഖ്യാപിക്കാനുള്ള കളക്ടറുടെ പരാമർശത്തിനെതിരെ മാനന്തവാടി രൂപത മിഷൻലീഗ് അംഗങ്ങൾ, ബത്തേരി അസംപ്ഷൻ ശാഖയിൽ വച്ച്, 'പച്ചപ്പിന്റെ തണലിനായ് വിശ്വാസത്തിന്റെ വേരറുക്കരുതേ' എന്ന സന്ദേശവുമായി മരതൈ നട്ട് പ്രതിഷേധിച്ചു. ബത്തേരി അസംപ്ഷൻ ഫൊറോന വികാരി, ബഹു.സ്റ്റീഫൻ കോട്ടക്കലച്ചൻ മരതൈ നട്ടു. രൂപത പ്രസിഡണ്ട്, രൂപത ഡയറക്ടർ, ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**നേതൃത്വ പരിശീലന സെമിനാർ**

ശാഖാ പ്രസിഡണ്ട് സെക്രട്ടറിമാർക്കായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 6 -ാം തീയതി നേതൃത്വ പരിശീലന സെമിനാർ സംഘടിപ്പിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ.തോമസ് കല്ലറക്കൽ, ശ്രീ. ജിജിൽ കിഴക്കരക്കാട്ട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു.ഫാ. ജോഷി പെരിയപ്പുറം സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ ജോ.ഡയറക്ടർ സി.ലിസ്സ അലക്സ് സ്വാഗതവും സെക്രട്ടറി ബിനീഷ് തുമ്പിയാം കുഴിയിൽ നന്ദിയും പറഞ്ഞു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ സാർ അദ്ധ്യക്ഷത വഹിച്ചു.

**ശാഖാ പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്**

മാനന്തവാടി രൂപതയിലെ വിവിധ ശാഖകളിൽ മിഷൻലീഗിന് കരുത്ത് പകരാനായി തെരഞ്ഞെടുക്കപ്പെട്ട ശാഖാ പ്രസിഡണ്ട്, സെക്രട്ടറിമാരുടെ മീറ്റിംഗ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതവും സെക്രട്ടറി

ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും പറഞ്ഞു. ജോ. ഡയറക്ടർ സി. ലിസ എസ്.കെ.ഡി, ശ്രീ. ജോയി മേപ്പാടത്ത്, കുമാരി ലിന്റു എന്നിവർ നേതൃത്വം നൽകി.

**ജൂനിയർ എക്സിക്യൂട്ടീവ്**

വരുംവർഷങ്ങളിൽ മാനന്തവാടി രൂപതയെ നയിക്കുന്നതിനാവശ്യമായ നേതൃത്വത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപതയിലെ വിവിധ ശാഖകളിലെ പ്രസിഡണ്ട് സെക്രട്ടറിമാരുടെയിടയിൽ നിന്നും ജൂനിയർ എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തു.

**മഴക്കുഴി നിർമാണ ഉദ്ഘാടനം - കബിനിഗിരി**

മാനന്തവാടി രൂപത ഈ പ്രവർത്തനവർഷം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതിയായ മഴക്കുഴിയുടെ നിർമ്മാണ ഉദ്ഘാടനം പുൽപ്പള്ളി മേഖലയിലെ കബിനിഗിരി ശാഖയിൽ വച്ച് നടത്തി. പുൽപ്പള്ളി പഞ്ചായത്ത് വൈ. പ്രസിഡണ്ട് ശിവരാമൻ ഉദ്ഘാടനം ചെയ്തു. പുൽപ്പള്ളി മേഖല ഡയറക്ടർ ഫാ. സജി പുതുക്കുളങ്ങര സ്വാഗതവും രൂപത സെക്രട്ടറി ബിനീഷ് തുമ്പിയാംക്കുഴിയിൽ നന്ദിയും അർപ്പിച്ച് സംസാരിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ പദ്ധതിയുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. കബിനിഗിരി ശാഖാഡയറക്ടർ ഫാ. തോമസ് ചേറ്റാനി, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ടോം പൂവക്കുന്നേൽ അരുൺ കുന്നത്ത്, ലിന്റു, മേഖല ശാഖ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിത്തന്ന തോമസ് ചേറ്റാനിയച്ചനും സജി പുതുക്കുളങ്ങരയച്ചനും മറ്റ് പ്രവർത്തകർക്കും രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി.

**മിഷൻ പവർഗ്രൂപ്പ് സംഗമം**

മാനന്തവാടി രൂപതയിലെ വിവിധ ശാഖകളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ സഹായിക്കാനായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക പ്രതിനിധികളുടെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപതാ മൈനർ സെമിനാരി റെക്ടർ ബഹു. ഫാ. തോമസ് കച്ചിറയിൽ ക്ലാസുകൾ എടുത്തു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാം തുണ്ടത്തിൽ സ്വാഗതവും എക്സിക്യൂട്ടീവ് അംഗം തങ്കച്ചൻ മാപ്പിളക്കുന്നേൽ നന്ദിയും പറഞ്ഞു. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ, സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**മേഖല - പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ്**

മാനന്തവാടി രൂപതയിലെ വിവിധ മേഖലകൾക്ക് നേതൃത്വം നൽകുന്ന പ്രസിഡണ്ട്, സെക്രട്ടറിമാരുടെ മീറ്റിംഗ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷതവഹിച്ച മീറ്റിംഗിന് രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതവും സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദിയും പറഞ്ഞു. മേഖല, രൂപത പ്രവർത്തനങ്ങളെക്കുറിച്ചും കലാ സാഹിത്യ മത്സരങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

**ശാഖ ജോ. ഡയറക്ടേഴ്സ് സംഗമം**

രൂപതയിലെ വിവിധ ശാഖകളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന ശാഖാ ജോ. ഡയറക്ടേഴ്സിന്റെ സംഗമം ജൂലൈ 9 ന് കണിയാരത്ത് വെച്ച് നടത്തി. കത്തീഡ്രൽ വികാരി ബഹു. ഫാ. ജോർജ് മൈലാടൂർ സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിന് രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി പറഞ്ഞു. മീനങ്ങാടി ശാഖയിലെ അസി. വികാരി ഫാ. ഷിബിൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**രൂപതാ മേഖലാ സാഹിത്യമത്സരങ്ങൾ**

2016-2017 പ്രവർത്തനവർഷത്തെ സാഹിത്യമത്സരങ്ങൾ വിവിധ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടന്നു. മത്സരങ്ങൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയ മേഖല നേതൃത്വത്തെയും മത്സരങ്ങൾ നടത്തുന്നതിന് സഹായിച്ച രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെയും ടീം അംഗങ്ങളെയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ശാഖാ സന്ദർശനം**

കല്ലോടി, പുൽപ്പള്ളി മേഖലകളിലെ വിവിധ ശാഖകളിൽ രൂപത സന്ദർശനം നടത്തി. സഹായിച്ച രൂപതാ ടീം അംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപത മുൻ എക്സിക്യൂട്ടീവ് അംഗം ലിനുവിന്റെ പിതാവും രൂപതാ ജനറൽ ഓർഗ്ഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കലിന്റെ ഭാര്യ പിതാവുമായ ബേബി പോൾ പൊട്ടയ്ക്കൽ, എക്സിക്യൂട്ടീവ് അംഗം ജോസഫ് തോട്ടുങ്കരയുടെ വല്ല്യമ്മച്ചി, എക്സിക്യൂട്ടീവ് അംഗം

ബിജു ചിറ്റേടത്തിന്റെ ഭാര്യാപിതാവ് എന്നിവരുടെ നിര്യാണത്തിൽ രൂപതാ കുടുംബത്തിന്റെ ആദരാജ്ഞലികൾ.

**വചനതാരം – 2017**

വി. ോമത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി 2017, ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിനുള്ള പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി, ഓഗസ്റ്റ് 7– ആണ്. (രജിസ്ട്രേഷൻ ഫീസ്, 100 രൂപ)

**ശാഖ ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക് (ഓഫീസിൽ ഏൽപ്പിക്കേണ്ടവ)**

- വചന താരത്തിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ (മാർഗരേഖ, പേജ്–21)
- വൊക്കേഷൻ കോൺഗ്രസ്സ് ലിസ്റ്റ് (മാർഗരേഖ, പേജ്–20)
- പരസ്നേഹസംഘം – ലിസ്റ്റ് (മാർഗരേഖ, പേജ്–17)
- സദ്വാർത്ത– ലിസ്റ്റ് (മാർഗരേഖ, പേജ്–31)
- നമ്മുക്കൊരു വൈദീക വിദ്യാർത്ഥി – പലതുള്ളി പിരിവ് (മാർഗരേഖ, പേജ്–27)
- പ്രതിമാസ റിപ്പോർട്ടും, ബുള്ളറ്റിൻ വാർത്തകളും എല്ലാമാസവും 10–ാം തീയതിക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണം.
- ഈ വർഷത്തെ കയ്യെഴുത്ത് മാസിക ജനുവരി 26 നാണ് രൂപത ഓഫീസിൽ എത്തിക്കേണ്ടത്. (മാർഗരേഖ, പേജ്–22)

**മേഖലാ വാർത്തകൾ**

നടവയൽ മേഖല – മേഖലാ മാനേജിംഗ് കമ്മിററി, സാഹിത്യ ശിൽപ ശാല എന്നിവ നടത്തി.

**ശാഖാ വാർത്തകൾ**

1. *ചുങ്കക്കുന്ന്*: 1–5 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി 2 ദിവസത്തെ ധ്യാനം നടത്തി.

2. *ശാന്തിഗിരി:* നിർദ്ധന കുടുംബത്തെ സഹായിച്ചു. പഠനോപകരണങ്ങൾ നൽകി, ബൈബിൾ ക്വിസ്സ് നടത്തി, കുമ്പസാരത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകി.

3. *വെള്ളൂന്നി*: രോഗീസന്ദർശനം നടത്തി, ജപമാല സൈന്യ പ്രാർത്ഥന നടത്തി.

4. *ഒറ്റപ്ലാവ്:* തിരുഹൃദയതിരുന്നാൾ ആഘോഷിച്ചു. പരിസ്ഥിതിദിനം ആചരിച്ചു. വി.അന്തോനീസ് പുണ്യവാളന്റെ തിരുന്നാൾ ആഘോഷിച്ചു.

5. *കൊട്ടിയൂർ:* അദ്ധ്യയന വർഷാരംഭ പ്രാർത്ഥനനടത്തി. ബാംഗ്ലൂരിൽ ഉപേക്ഷിക്കപ്പെട്ട അമ്മയെ കണ്ടെത്തി സംരക്ഷിച്ചു. നീർമരുത് -മരതൈകൾ നട്ടുപിടിപ്പിച്ചു. ഓവുചാലുകൾ നിർമ്മിച്ച് റോഡ് സംരക്ഷിച്ചു. 90 ഹൗസ് ഓർഗനൈസേഴ്സിനെ രൂപീകരിച്ചു. 2000 ആണ്ടിൽ ജനിച്ചവരിൽ നിന്നും 2033 ലേക്കുള്ള Jubilee Soldiers രൂപീകരിച്ചു.

6. *പയ്യമ്പള്ളി*: പരിസ്ഥിതിദിനം ആചരിച്ചു. മരതൈ നട്ടു. മഴക്കുഴി നിർമ്മിച്ചു. മരതൈ വിതരണം നടത്തി. കുട്ടികൾക്ക് ആരാധന, കുമ്പസാരം എന്നിവ നടത്തി. അൾത്താരസംഘ പരിശീലനം നടത്തി.

7. *മാർട്ടിൻനഗർ:* ഒണ്ടയങ്ങാടി സ്ക്കൂളിലെ കമ്പ്യൂട്ടർ ലാബ് നിർമ്മാണത്തിന് സാമ്പത്തികസഹായം നൽകി.

8. *തൃശ്ശിലേരി*: ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിലിന്റെ നേതൃത്വത്തിൽ മാതാപിതാക്കൾക്ക് സെമിനാർ നടത്തി.

9. *തവിഞ്ഞാൽ:* പഠനോപകരണം വിതരണം ചെയ്തു, സാഹിത്യ മത്സരം നടത്തി.

10. *ഏലപ്പീടിക:* കയ്യെഴുത്ത് മാസിക തയ്യാറാക്കി, ക്രിസ്റ്റീൻ ധ്യാനം നടത്തി, മദ്യമുക്തി നേടിയആളെ ആദരിച്ചു. വിദ്യാഭ്യാസ സഹായം നൽകി. മഴക്കാല രോഗങ്ങൾക്കെതിരെ മുൻ ഒരുക്കങ്ങൾ നടത്തി. കൃഷി സ്ഥലം വൃത്തിയാക്കി. സൺഡേസ്റ്റാർ തിരഞ്ഞെടുത്തു.

11. *യവനാർകുളം*: ഏകദിന ധ്യാനം നടത്തി. മേഖലാ, രൂപതാ കൗൺസിലിൽ പങ്കെടുത്തു.

12. *പോരൂർ*: ജാഗരണപ്രാർത്ഥന, മാതാപിതാക്കൾക്ക് സെമിനാർ എന്നിവ നടത്തി, രോഗീസഹായം, ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം എന്നിവ നൽകി.

13. *കല്ലോടി:* നേതൃത്വപരിശീലന സെമിനാർ നടത്തി, സാഹിത്യ ശിൽപശാല നടത്തി.

14. *ജൂഡ്സ് മൗണ്ട്*: പരിസ്ഥിതിദിനത്തിൽ ശുചീകരണം നടത്തി, വാഴവിത്ത് വിതരണം ചെയ്തു. സുകൃതങ്ങൾ എഴുതി പ്രദർശിപ്പിച്ചു.

15. *വഞ്ഞോട്:* പരിസ്ഥിതിദിനത്തിൽ പള്ളിപരിസരത്ത് വൃക്ഷതൈകൾ നട്ടു.

16. *മംഗലശ്ശേരി:* അർദ്ധദിന സെമിനാർ നടത്തി.

17. *കരിമ്പിൽ:* രോഗീസന്ദർശനം, സാഹിത്യ ശിൽപശാല, ബസ് ഷെൽട്ടർ ശുചീകരണം എന്നിവ നടത്തി.

18. *വെള്ളമുണ്ട:* മിഷൻലീഗ് അംഗങ്ങളുടെ പ്രവേശനോത്സവം നടത്തി. നിർദ്ധന കുടുംബത്തിന് സഹായം നൽകി.
19. *ചെലോട്:* സെമിനാരിയിൽ ചേർന്ന സുബിൻ അമ്പലത്തിങ്കലിന് ആശംസകൾ നേർന്നു.
20. *കാവുംമന്ദം:* പരിസ്ഥിതിദിനത്തിൽ വൃക്ഷതൈ നട്ടു. പഠനോപകരണങ്ങൾ നൽകി, ലോഗോസ്ക്വിസ്സ് പരിശീലനം നടത്തി, അർദ്ധദിന സെമിനാർ നടത്തി.
21. *കോട്ടത്തറ:* പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ടു, അർദ്ധദിന സെമിനാർ നടത്തി.
22. *മഞ്ഞൂറ:* രോഗീസഹായം നൽകി, വൃക്ഷതൈകൾ നട്ടു, സെമിനാർ നടത്തി.
23. *പുതുശ്ശേരിക്കടവ്*: പൂന്തോട്ടം വൃത്തിയാക്കി.
24. *ചുണ്ടക്കര:* പാവപ്പെട്ട കുട്ടികൾക്ക് വേദപാഠ ബുക്ക് വിതരണം ചെയ്തു. മരണവീട് സന്ദർശിച്ചു.
25. *കുറുമ്പാലക്കോട്ട*: വൃക്ക രോഗിക്ക് സാമ്പത്തിക സഹായം നൽകി.
26. *ചാരിറ്റി:* തിരുഹൃദയ തിരുന്നാൾ ആഘോഷിച്ചു. വികാരിയച്ചന്റെ ജന്മദിനം ആഘോഷിച്ചു. ഏകദിന സെമിനാർ നടത്തി.
27. *നെടുമ്പാല:* വിദ്യാഭ്യാസ സഹായം നൽകി, അൾത്താര സംഘ പരിശീലനം നൽകി, സാഹിത്യ ശിൽപശാല നടത്തി.
28. *ധർമ്മഗിരി:* പഠന സ്കോളർഷിപ്പ് നൽകി, മരതൈകൾ നട്ടു, ലെറ്റർ ബോക്സ് നിർമ്മിച്ചു. തീർത്ഥാടന കേന്ദ്രം സന്ദർശിച്ചു. ഒരു ക്വിന്റൽ അരി അനാഥാലയത്തിൽ നൽകി, സീനിയേഴ്സ് സംഗമം നടത്തി, മഴക്കുഴി നിർമ്മിച്ചു. മഴക്കാല ബോധവത്ക്കരണം നടത്തി. 7 പേരുള്ള 2 മിഷൻ കുടുംബം സ്ഥാപിച്ചു.
29. *ബത്തേരി:* പഠനോപകരണങ്ങൾ നൽകി, പരിസ്ഥിതി ദിനത്തിൽ മരതൈനട്ടു. സാഹിത്യ ശിൽപശാല നടത്തി.
30. *വാകേരി:* ജാഗരണ പ്രാർത്ഥന നടത്തി.
31. *തോമാട്ടുചാൽ:* മഴക്കുഴി നിർമ്മാണം നടത്തി, ലഹരി വിമുക്ത വാരാചരണം - സെമിനാർ, കൊളാഷ് എന്നിവ നടത്തി. ലൈബ്രറി വിപുലീകരിച്ചു. മരതൈകൾ വിതരണം ചെയ്തു.
32. *കടൽമാട്:* ശാഖാകൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്തി.
33. *വടക്കനാട്*: പരിസ്ഥിതിദിനത്തിൽ മരതൈ നട്ടു.

34. *നരിവാലമുണ്ട:* പരിസ്ഥിതിദിനത്തിൽ മരതൈ നട്ടു. പഠനോപകരണങ്ങൾ നൽകി, സാഹിത്യ ശിൽപശാല നടത്തി.
35. *അമരക്കുനി*: മതാദ്ധ്യാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. അർദ്ധദിന സെമിനാർ, ആരാധന എന്നിവ നടത്തി.
36. *ഇരുളം:* ആരാധന നടത്തി, പഠനത്തിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. വൃക്ഷതൈ വിതരണവും, നടീലും നടത്തി.
37. *മുള്ളൻകൊല്ലി:* പ്രവേശനോത്സവം നടത്തി, പൊതു കുമ്പസാരവും, വിശേഷാൽ പൊതുദിവ്യകാരുണ്യ സ്വീകരണവും നടത്തി, മഴക്കുഴികൾ നിർമ്മിച്ചു. വാട്സ്ആപ്പ് വചനഗ്രൂപ്പ് നിർമ്മിച്ചു.
38. *പുൽപ്പള്ളി:* പഠനോപകരണം, ബഡ്ഷീറ്റ് എന്നിവ അനാഥാലയത്തിൽ നൽകി, മരതൈ നട്ടു, പച്ചക്കറിവിത്ത്, മരതൈ എന്നിവ വിതരണം ചെയ്തു.
39. *ഇടിവണ്ണ:* ദൈവവിളി പ്രോത്സാഹനത്തിനായ് സാമ്പത്തിക സഹായം നൽകി. വി.കൊച്ചുത്രേസ്സ്യ, വി.ലൂയി മാർട്ടിൻ, വി.സെലിഗ്വരിൻ എന്നിവരുടെ തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചു.
40. *പൂളപ്പാടം*: പഠനോപകരണം നൽകി, പ്രവേശനോത്സവം നടത്തി, എഴുത്തിനിരുത്തി. മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞകൊടിയുടെ കീഴിൽ അണിനിരക്കാം. പ്രവർത്തന വിജയാശംസകൾ നേർന്നുകൊണ്ട്,

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

**ലൈഫ് ട്രെയിനിംഗ് റെഗുലർ**

ലൈഫ് ട്രെയിനിംഗ് റെഗുലർ ക്ലാസ്സുകൾ 2016 ജൂലൈ 5 ന് വൈകുന്നേരം 6 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ ശ്രീ. മനോജ് സാർ കുട്ടികളെ പരിശീലിപ്പിച്ചു. കുട്ടികളുടെ ഭാവിസ്വപ്നമായ സിവിൽ സർവ്വീസ് പരീക്ഷയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ശ്രീ. ജിജിൽ ജോസഫ് സാർ ക്ലാസ്സുകൾ നയിച്ചു. ശ്രീ. തോമസ് സാർ പ്രസംഗകലയിലെ പുത്തൻ ശൈലികൾ കുട്ടികളെ പരിശീലിപ്പിച്ചു. ജർമ്മൻ സ്വദേശിയും, റിസർച്ച് സ്റ്റുഡന്റുമായ മാരിയോൻമാക്ക് കുട്ടികളുമായി സംവാദിച്ചു. ആദ്ധ്യാത്മിക പരിശീലനത്തിന്റെ ഭാഗമായുള്ള കുമ്പസാരം, വി. ബലി, പ്രാർത്ഥന എന്നിവയും നടത്തി.

**പേരന്റ്സ് മീറ്റിംഗ്**

ലൈഫ് ട്രെയിനിംഗ് റെഗുലർ ബാച്ചിന്റെ മാതാപിതാക്കളുടെ സംഗമം 17-7-2016 ന് 2 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 38 പേർ സംഗമത്തിൽ പങ്കെടുത്തു.

ലൈഫ് ട്രെയിനിംഗ് റെഗുലർ ബാച്ചിന്റെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 1, 2 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. ആഗസ്റ്റ് 24 ന് (ബുധനാഴ്ച) ലൈഫ് ട്രെയിനിംഗ് റെഗുലർ ബാച്ചിന്റെ ഫാമിലി ഗാതറിംഗ് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ലൈഫ് ട്രെയിനിംഗ് ഡിസ്റ്റൻസ്**

ലൈഫ് ട്രെയിനിംഗ് ഡിസ്റ്റൻസ് പ്രോഗ്രാം ജൂലൈ മാസത്തെ ക്ലാസ്സുകൾ 8, 9 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. കുട്ടികൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. ശ്രീ. ജിതിൻ സാർ ജനറൽനോളെജ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ലൈഫ് ട്രെയിനിംഗ് ഡിസ്റ്റൻസ് പ്രോഗ്രാമിന്റെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 12,13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്

**ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീം മീറ്റിംഗ്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ടീം മീറ്റിംഗ് 15-7-2016 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. നാളിതുവരെയുള്ള ടീമിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി. തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Dpt. of Youth Ministry

**മേഖലാ ഡയറക്ടേഴ്സ് ആൻഡ് ആനിമേറ്റേഴ്സ് മീറ്റ്**

മേഖല ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗ് 23-6-2016-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വൈകുന്നേരം 6 മണിക്ക് ജപമാലയോടുകൂടെ ആരംഭിച്ച മീറ്റിംഗിന് കെ. സി. വൈ. എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ സ്വാഗതം ആശംസിച്ചു. പേൾ കലാമത്സരങ്ങൾ, ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം, ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ എന്നീ വിഷയങ്ങൾ മീറ്റിംഗിൽ ചർച്ച ചെയ്തു. റവ.ഫാ.ബിജു തുരുത്തേൽ (കല്ലോടി) രൂപത സിൻഡിക്കേറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. നന്ദി പറഞ്ഞു.

**കെ.സി.വൈ.എം. മാനന്തവാടി രൂപത അർദ്ധവാർഷിക സെനറ്റ്**

തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻ ഓഡിറ്റോറിയത്തിൽ വച്ച് 9-7-2016 ന് കെ.സി.വൈ.എം. അർദ്ധവാർഷിക സമ്മേളനം നടന്നു. രാവിലെ 9.30 ന് ജപമാലയോടുകൂടെ സമ്മേളനം ആരംഭിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര പതാക ഉയർത്തി. രൂപതാ ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ്. വചനപ്രതിഷ്ഠ നടത്തി പ്രാർത്ഥിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിന് സെക്രട്ടറി ശ്രീ.ജിഷിൻ മുണ്ടക്കാതടത്തിൽ സ്വാഗതം ആശംസിച്ചു. യുവജനങ്ങൾ സമൂഹത്തിന്റെ ചാലകശക്തികളാണെന്നും സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെടേണ്ടത് അനിവാര്യമാണെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രി. ആൻണി മങ്കടപ്ര പറഞ്ഞു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. കരുണാർദ്ര കരസ്പർശം ജീവിത മാതൃകയാക്കിയ ക്രിസ്തുവിനെ യുവജനങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്തണമെന്നും സാമൂഹിക പ്രശ്നങ്ങളോട് കാല

ഘട്ടത്തിനനുയോജ്യമായി പ്രതികരിക്കണമെന്നും ആമുഖപ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാകുമാരി ടീച്ചർ സമ്മേളനം ഉദ്ഘാടനം ചെയ്തു. അഴിമതിക്കെതിരെ കെട്ടുറപ്പുള്ള ഒരുകൂട്ടം ആളുകൾ പ്രവൃത്തിക്കണമെന്നും അതിന് ഏറ്റവും അനുയോജ്യർ യുവജനങ്ങളാണെന്നും ഓർമ്മിപ്പിച്ച് ഒരു പുത്തൻ ഉണർവ്വ് യുവജനങ്ങൾക്ക് നൽകി. മാനന്തവാടി മേഖലാ ഡയറക്ടർ റവ.ഫാ. വിൻസന്റ് കളപ്പുരയ്ക്കൽ സംസ്ഥാന സെനറ്റംഗങ്ങളായ ശ്രീ. സജിൻ ചാലിൽ, ശ്രീ. ഷാജി അഴകനാൽ, തോണിച്ചാൽ ഇടവക വികാരി റവ. ഫാ. ബിജു തൊണ്ടിപ്പറമ്പിൽ എന്നിവർ സെനറ്റിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കെ. സി. വൈ. എം. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ പൊതുസമ്മേളനത്തിന് നന്ദിയർപ്പിച്ച് സംസാരിച്ചു.തുടർന്ന് മേഖലകൾ അവരുടെ അർദ്ധവാർഷിക റിപ്പോർട്ട് സെനറ്റ് മുൻമ്പാകെ അവതരിപ്പിച്ചു. കെ. സി.വൈ.എം. രൂപതാ സെക്രട്ടറി കുമാരി റോസ് മേരി രൂപതാ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റ് അവതരിപ്പിച്ച റിപ്പോർട്ട് പാസ്സാക്കി. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന തുടർ പ്രവർത്തനങ്ങളെക്കുറിച്ചും മേഖല, യൂണിറ്റ് ശാക്തീകരണത്തെക്കുറിച്ചും യോഗം ചർച്ച ചെയ്തു. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ പതാക താഴ്ത്തി. കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ആൻണി മങ്കടപ്ര ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. കെ. സി. വൈ.എം. ആന്തത്തോടെ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ അർദ്ധവാർഷിക സെനറ്റ് സമാപിച്ചു.

**യുവജനദിനാഘോഷം**

ഈ വർഷത്തെ യുവജനദിനാഘോഷം ജൂലൈ 10 ന് പോരൂർ യൂണിറ്റിൽ വച്ച് സമുചിതമായി ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വിൻസന്റ് കളപ്പുര രൂപതാ ഭാരവാഹികളെ ഹൃദ്യമായി സ്വാഗതം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വി. കുർബാന അർപ്പിച്ച് യുവജനദിന സന്ദേശം നൽകി. വി.കുർബാനക്കുശേഷം നടന്ന പൊതുപരിപാടിയിൽ യൂണിറ്റ് ആനിമേറ്റർ സി. മെർലിൻ എസ്.എച്ച് വചനപ്രതിഷ്ഠ നടത്തി. മാനന്തവാടി മേഖല സെക്രട്ടറി ശ്രീ. സുബിൻ സ്വാഗതം ആശംസിച്ചു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോബിഷ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര യോഗം ഉത്ഘാടനം ചെയ്തു. യൂണിറ്റിലെ സീനിയർ അംഗങ്ങളായ ഷൈജൻ ഓലിമലയിൽ, സാബു അമ്പലത്തറ എന്നിവരെ ആദരിച്ച് പൊന്നാട അണിയിച്ചു. രൂപതാ ആനിമേറ്റർ

സി.സ്മിത എസ്.എ.ബി.എസ്. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി അഞ്ജലി ചെറുപ്ലാവിൽ സെക്രട്ടറിമാരായ ജിഷിൻ, റോസ് മേരി, ട്രഷറർ ജിജോ, അനിഷ, അലീന തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന സെക്ഷൻ രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നയിച്ചു. യൂണിറ്റ് സെക്രട്ടറി നിഖിൽ യോഗത്തിന് നന്ദി പറഞ്ഞു. യുവജനദിനം മനോഹരമാക്കിയ ബഹുമാനപ്പെട്ട വിൻസെന്റച്ചനും യൂണിറ്റ് ഭാരവാഹികൾക്കും അനുമോദനങ്ങളും നന്ദിയും അറിയിക്കുന്നു.

**വിശുദ്ധ പൗലോസ്ശ്ലീഹ കരുണയുടെ പ്രവാചകൻ**
**ഉപന്യാസമൽസര വിജയികൾ**

കെ.സി.വൈ.എം. സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് (ജൂലൈ 29) നടന്ന ഉപന്യാസ മൽസര ഫലം താഴെ ചേർക്കുന്നു. പങ്കെടുത്ത എല്ലാവർക്കും, മൽസര വിജയികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

ആഗസ്റ്റ് 2 ന് നടക്കുന്ന വനിതാസംഗമത്തിൽ വച്ച് സമ്മാന വിതരണം നടത്തുന്നതാണ്.

ഒന്നാം സമ്മാനം – മെറിൻ ജോസ് എളമ്പാശ്ശേരി (കല്ലോടി)
രണ്ടാം സമ്മാനം – ആരതി നരിമറ്റം (ചുങ്കക്കുന്ന്)
മൂന്നാം സമ്മാനം – സ്നേഹമരിയ മോളത്ത് (ജൂഡ്സ് മൗണ്ട്)

**മദർ തെരേസ ചാവറ മെഗാ ക്വിസ് 2016**

ആഗസ്റ്റ് 7 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2.30 മുതൽ 4 മണി വരെ നടക്കുന്ന മദർ തെരേസ ചാവറ മെഗാ ക്വിസ് 2016 എക്സാം സെന്ററുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. പങ്കെടുക്കുന്നവർ 2.15 ന് എക്സാമിനേഷൻ ഹാളിൽ ഹാജരാകേണ്ടതാണ്.

**മദർ തെരേസ ചാവറ മെഗാ ക്വിസ് 2016 എക്സാം സെന്റേഴ്സ്**

| മേഖല | സെന്റർ | ഇടവകകൾ |
|---|---|---|
| 1. ചുങ്കക്കുന്ന് | 1) ചുങ്കക്കുന്ന്- ഫാത്തിമ മാതാ ചർച്ച് | അമ്പായത്തോട്, കൊട്ടിയൂർ, നെല്ലിയോടി, ചുങ്കക്കുന്ന് |
| 2. കല്ലോടി | 1. കല്ലോടി | കല്ലോടി, ജൂഡ്സ്മൗണ്ട്, പുതുശ്ശേരി, പുതിയിടംക്കുന്ന് |
| | 2. കാരക്കാമല | കാരക്കാമല, ചുള്ളിയാന |
| | 3. കൊമ്മയാട് | കൊമ്മയാട് |
| | 4. തോണിച്ചാൽ | ദ്വാരക, മൊതക്കര, മംഗലശ്ശേരി, തോണിച്ചാൽ |
| | 5. വഞ്ഞോട് | വഞ്ഞോട് |

| | | |
|---|---|---|
| 3.കൽപ്പറ്റ | ഡി പോൾ ചർച്ച് കൽപ്പറ്റ | നെടുംമ്പാല, വൈത്തിരി, തൃക്കൈപ്പറ്റ, എടപ്പെട്ടി, കൊളവയൽ, തെനേരി, |
| 4.മാനന്തവാടി | മാനന്തവാടി ടൗൺ ചർച്ച് | ഏച്ചപ്പീടിക, കരിമാനി, കണിയാരം, ടൗൺ ചർച്ച്, പോരൂർ, യവനാർകുളം |
| 5.മണിമൂളി | മണിമൂളി ക്രൈസ്റ്റ് ദ കിംഗ് ചർച്ച് | ഭൂദാനം, നരിവാലമുണ്ട, പാതിരിപ്പാടം, തലഞ്ഞി, മണിമൂളി, പാലാങ്കര |
| 6.മുള്ളൻക്കൊല്ലി | മുള്ളൻക്കൊല്ലി | മുള്ളൻക്കൊല്ലി, പട്ടാണികൂപ്പ് |
| | പാടിച്ചിറ | പാടിച്ചിറ, കമ്പനിഗിരി |
| | പുൽപ്പള്ളി | ആടിക്കൊല്ലി, ശിശുമല, പുൽപ്പള്ളി |
| | ഇരുളം | ഇരുളം |
| 7.നടവയൽ | നടവയൽ | നടവയൽ, പനമരം, വാളവയൽ |
| | ചെറുകാട്ടൂർ | ചെറുകാട്ടൂർ |
| | ചുണ്ടക്കര | അരിഞ്ചേർമല, ചുണ്ടക്കര, കുറുംമ്പാലക്കോട്ട, വിളമ്പുക്കണ്ടം |
| 8.നിലമ്പൂർ | പൂളപ്പാടം | പൂളപ്പാടം |
| | നിലമ്പൂർ | ചോക്കാട്, എടിവണ്ണ, മൂലേപ്പാടം, നിലമ്പൂർ |
| 9. പയ്യംപ്പള്ളി | പയ്യംപ്പള്ളി | പയ്യംപ്പള്ളി |
| 10.സുൽത്താൻ ബത്തേരി | അസംഷൻ ചർച്ച് ബത്തേരി | ബത്തേരി, ചുള്ളിയോട്, കടൽമാട്, കല്ലുമുക്ക്, പഴൂർ, മൂലങ്കാവ്, വാകേരി, ചിത്രഗിരി |
| | വടക്കനാട് | വടക്കനാട് |
| 11.തരിയോട് | തരിയോട് | കാവുമന്ദം, മംഗളം, മഞ്ഞൂറ, തരിയോട്, പന്തിപൊയിൽ |
| 12.നീലഗിരി | ബെക്കി | ബെക്കി |
| | ധർമ്മഗിരി | ധർമ്മഗിരി |

**പ്രചോദിനി – രൂപതാ വനിതാ സംഗമവും, ആനിമ – യൂണിറ്റ് മേഖല ആനിമേറ്റേഴ്സ് സംഗമവും –2016 ആഗസ്റ്റ് 2**

2016 വർഷത്തെ രൂപതാ വനിതാസംഗമം ആഗസ്റ്റ് 2 ചൊവ്വാഴ്ച രാവിലെ 9–ന് നടത്തപ്പെടുന്നു. സംഗമത്തിൽ യൂണിറ്റിൽ നിന്നും 10 യുവതികളെയെങ്കിലും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ പെൺക്കുട്ടികൾ വലിയ ചതിക്കുഴിയിൽ അകപ്പെടുന്ന ഒരു സാഹചര്യം നിലവിലുണ്ട്. ലൗ ജിഹാദ് –അന്യമതക്കാരുമായുള്ള പ്രണയം, മറ്റ് തീവ്രവാദ സ്വഭാവമുള്ള സംഘടനകളുമായുള്ള ചങ്ങാത്തം എന്നിവയിലൂടെ നമ്മുടെ പെൺക്കുട്ടികൾ ചെന്നുപെടുന്ന അപകടങ്ങ

ളിൽനിന്നുള്ള മോചനം ലഭിക്കുവാൻ ഈ സംഗമം ഉപകരിക്കും. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് സമാപിക്കും. പ്രമുഖർ ക്ലാസ്സുകൾ നയിക്കുന്നു. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ**

കാരുണ്യവർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതാ മേഖലാ തലത്തിൽ നടത്തുന്ന ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ തീയതികൾ താഴെ ചേർക്കുന്നു.

കല്ലോടി (ആഗസ്റ്റ് 7), നടവയൽ (ആഗസ്റ്റ് 13), കൽപ്പറ്റ (ആഗസ്റ്റ്13) മണിമൂളി (ആഗസ്റ്റ് 15), മാനന്തവാടി (ആഗസ്റ്റ് 24).

**ആഗസ്റ്റ് – 15 ന് ക്രേസി മഡ് വോളി ബോൾ**

മേഖലയിൽ നിന്ന് രണ്ടിൽ കൂടുതൽ ടീമിനെ പങ്കെടുപ്പിക്കാം. ആദ്യം 500 രൂപ അടച്ച് വികാരിയച്ചന്റെ സാക്ഷിപത്രത്തോടൊപ്പം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്ന 20 ടീമുകൾക്കായിരിക്കും അവസരമുണ്ടായിരിക്കുക. ആഗസ്റ്റ് – 15 ന് കോട്ടത്തറ വച്ച് രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ആഗസ്റ്റ് 8. ബന്ധപ്പെടേണ്ട നമ്പർ 9947067967.

**ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വദിനം ആഗസ്റ്റ് – 28**

ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വ ദിനത്തോടനുമ്പന്ധിച്ചുള്ള രക്തദാന മാസാചരണ ഉദ്ഘാടനം ജൂലൈ 31 ന് കബനിഗിരി ഇടവകയിൽ വച്ച് ആരംഭിക്കുന്നു. തുടർന്ന് മേഖലകളിൽ ആഗസ്റ്റ് മാസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികൾ, രക്തദാന ക്യാമ്പുകൾ പ്ലാൻ ചെയ്തിട്ടുണ്ട്.

## Whats App, Facebook, poster making competition

ഇന്ത്യൻ ക്രിസ്റ്റ്യൻ രക്ത സാക്ഷിത്വ ദിനത്തോടനുമ്പന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപത Whats App, Facebook, poster making competition സംഘടിപ്പിക്കുന്നു.

**നിബന്ധനകൾ**

ക്രൈസ്തവരായ ആർക്കും ഈ മൽസരത്തിൽ പങ്കെടുക്കാം. ആഗസ്റ്റ് 10 ന് മുൻമ്പായി 9495065656 എന്ന നമ്പറിലേയ്ക്ക് വാട്ട്സ് ആപ്പ് മെസേജ് അയക്കണം.

ലോകത്തിലെ ക്രൈസ്തവ പീഡനങ്ങളുടെ യഥാർത്ഥ അവസ്ഥ വെളിവാക്കുന്നവയാകണം. മറ്റു മത വികാരങ്ങളെ വ്രണപ്പെടുത്തുന്ന ആശയങ്ങളോ ചിത്രങ്ങളോ ഉപയോഗിക്കരുത്. ക്രൈസ്തവ

സ്നേഹത്തിന്റെ മഹനീയതയും അനന്യതയും മൂല്യവും ഉയർത്തി കാണിക്കുന്നതാകണം.

ഫലപ്രഖ്യാപനത്തിന് ശേഷം മാത്രമെ പോസ്റ്ററുകൾ വാട്ട്സ് ആപ്പ്, ഫെയ്സ് ബുക്ക് എന്നിവയിൽ പോസ്റ്റ് ചെയ്യാവൂ.

**ആഗസ്റ്റ് 27 ന് (ശനിയാഴ്ച) ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വ ദിനാചരണം**

മാനന്തവാടിയിൽ വച്ച് രൂപതാ കെ.സി. വൈ.എമ്മി ന്റെ നേതൃത്വത്തിൽ ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വദിനം ആഗസ്റ്റ് 27 ആചരിക്കുന്നു. മാനന്തവാടി ടൗൺ ചർച്ചിൽ നിന്ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്ന റാലിയിൽ പരമാവധി യുവജനങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. ചുരുങ്ങിയത് 25 പേരെങ്കിലും ഒരു യൂണിറ്റിൽ നിന്ന് പങ്കെടുക്കേണ്ടതാണ്.

ഇന്ത്യൻ ക്രിസ്റ്റ്യൻ രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പ്രദർശിപ്പിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള സിഡി തയ്യാറാക്കിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ എല്ലാ ഇടവകയിലും ഈ സിഡി പ്രദർശിപ്പിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ.

**സെപ്റ്റംബർ 11-ന് സാഹിത്യ മത്സരം**

മേഖല തല സാഹിത്യ മൽസരം സെപ്റ്റംബർ 11-ന് തന്നെ നടത്തി റിപ്പോർട്ട് രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**മേഖലാ വാർത്തകൾ**

**നടവയൽ മേഖല**

മനുഷ്യൻ പ്രകൃതിയുടെ കാവൽക്കാരാകണം എന്ന ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനം ശ്രവിച്ച് എല്ലാ യൂണിറ്റുകളിലും വൃക്ഷതൈകൾ നട്ട് ലോകപരിസ്ഥിതി ദിനം ആചരിച്ചു. നടവയൽ മേഖല അർദ്ധവാർഷിക സെനറ്റ് പനമരം സെന്റ് ജൂഡ് ദേവാലയത്തിൽ വച്ച് നടത്തി. മേഖലയുടെ ഡയറക്ടറായി ചാർജ്ജെടുത്ത റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തെയും ആനിമേറ്ററായ സി. ആഷ്ലി സി.എം.സി യെയും സ്വാഗതം ചെയ്തു. യൂണിറ്റുകൾ അവരുടെ റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലയുടെ റിപ്പോർട്ട് സെനറ്റ് പാസാക്കി.

**മുള്ളൻകൊല്ലി മേഖല**

മുള്ളൻകൊല്ലി മേഖലയുടെ കീഴിലുള്ള 10 യൂണിറ്റുകളിൽ നിന്ന് +2 വിന് ഉന്നത വിജയം കരസ്ഥമാക്കിയ 14 വിദ്യാർത്ഥികളെ അനുമോദിച്ച് മേഖലയുടെ ഉപഹാരം നൽകി. മുള്ളൻകൊല്ലി അസി. വികാരി

ഫാ. നിതിൻ പീച്ചാട്ട് കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര എന്നിവരുടെ സാന്നിധ്യം പരിപാടിയിൽ ഉടനീളം ഉണ്ടായിരുന്നു. മേഖലാ പ്രസിഡണ്ട് അലക്സ് വണ്ടാനത്ത് അധ്യക്ഷത വഹിച്ചു. ബിബിൻ മേമാട്ട് നന്ദി പറഞ്ഞു.

**യൂണിറ്റു വാർത്തകൾ**

**ചുള്ളിയോട് യൂണിറ്റ്**

കാരുണ്യവർഷത്തിന്റെ ഭാഗമായി അനാഥാലയത്തിന് അരി, പച്ചക്കറികൾ വിതരണം ചെയ്തു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് ഉപഹാരം നൽകി അനുമോദിച്ചു. വീടുനിർമ്മാണ സഹായമായി 1000 രൂപയും രോഗീസഹായമായി 1000 രൂപയും നൽകി.

**വാളേരി യൂണിറ്റ്**

വാളേരിയിൽ നിന്നും വിവാഹിതയായ കെ.സി.വൈ.എം. വൈസ് പ്രസിഡണ്ട് ശിൽപ്പക്ക് അംഗങ്ങൾ യാത്രയയപ്പ് നൽകി. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ കെ. സി.വൈ.എം. പ്രതിഷേധിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന എല്ലാ അതിക്രമങ്ങളും ചെറുക്കുമെന്ന് കെ. സി. വൈ. എം. അംഗങ്ങൾ പ്രതിജ്ഞ ചെയ്തു.

ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് കെ.സി.വൈ.എം. അംഗങ്ങൾ ദേവാലയാങ്കണത്തിൽ വൃക്ഷതൈ നട്ടു. ഇടവക വാർഷിക ധ്യാനത്തിൽ കെ.സി.വൈ.എം. അംഗങ്ങൾ എല്ലാവരും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ധ്യാനത്തിന് ദേവാലയം ക്രമീകരിക്കുന്നതിന് മുൻകൈയെടുക്കുകയും ചെയ്തു.

**കൊമ്മയാട് യൂണിറ്റ്**

12-6-2016-ന് കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് പച്ചക്കറികളിലുള്ള വിഷപ്രയോഗത്തിനും രാസവളപ്രയോഗത്തിനും എതിരെ പള്ളിമുറ്റത്ത് നിർമ്മിച്ചിട്ടുള്ള പച്ചക്കറിത്തോട്ടം വൃത്തിയാക്കുകയും പുതിയതായി നിർമ്മിക്കാനൊരുങ്ങുന്ന പച്ചക്കറിത്തോട്ടത്തിന് സ്ഥലമൊരുക്കുകയും ചെയ്തു.

**ദ്വാരക യൂണിറ്റ്**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മരം നടുകയും 25 മരതൈകൾ മിഷൻലീഗ് കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

മദ്യവിരുദ്ധദിനത്തോട് അനുബന്ധിച്ച് ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിക്കുകയും. ശ്രീ. ഷിൻസ് തകരപ്പള്ളിയിൽ സെമിനാർ നയിക്കുകയും ചെയ്തു. ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവൽക്കരിക്കാൻ സെമിനാർ ഉപകാരപ്രദമായി.

**ചുങ്കക്കുന്ന് യൂണിറ്റ്**

19-6-2016-ഞായറാഴ്ച വിശുദ്ധ ബലിക്ക് യുവജനങ്ങൾ നേതൃത്വം നൽകി. അന്നേ ദിവസം യുവജനങ്ങൾക്കായി സംഘടിപ്പിച്ച സെമിനാറിന് കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകി. 182 യുവജനങ്ങൾ പങ്കെടുത്തു. പുതിയ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് ബിനോ കരീന്തറ, വൈസ് പ്രസിഡണ്ട് അനില നെട്ടൂർ, സെക്രട്ടറി ഷനൽ തെങ്ങടിയിൽ, ജോയിന്റ് സെക്രട്ടറി ജോസ്ന തെങ്ങുംപള്ളിൽ, ട്രഷറർ ഷിനു, സെനറ്റ്മെമ്പർ സൻ കാട്ടിക്കുന്നേൽ, കോഡിനേറ്റർ നിവിൻ പള്ളിക്കമാലിൽ, മെറിൻ നെടിയംകാലായിൽ. 26-6-2016-ന് പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ എക്സികുട്ടീവ് നടന്നു. കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ സെമിത്തേരി വൃത്തിയാക്കി.

**പോരൂർ യൂണിറ്റ്**

നല്ല കാലവർഷം ലഭിക്കുന്നതിനായി യുവജനങ്ങൾ ഒരുമിച്ച് ദിവ്യ കാരുണ്യ ആരാധനയും ജപമാലയും നടത്തി പ്രാർത്ഥിച്ചു. ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മരതൈ നട്ടു. ജൂൺ 10 ന് ഇടവകയിൽ വച്ചു നടന്ന ജാഗരണ പ്രാർത്ഥനയിൽ പങ്കെടുത്ത് നല്ല മഴ നൽകിയ ദൈവത്തിന് നന്ദി പറഞ്ഞു.

**കാവുമന്ദം യൂണിറ്റ്**

ജൂൺ 5-ന് ഡയറക്ടർ ബഹു. മാർട്ടിനച്ചന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ വച്ച് പുതിയ ആനിമേറ്റർ സി. ലിന്റ എഫ്. സി.സി.യെ സ്വാഗതം ചെയ്തു. ലോകപരിസ്ഥിതിതിദിനമായ അന്നേദിവസം ഡയറക്ടറച്ചൻ പരിസ്ഥിതിദിന സന്ദേശം നൽകി. തുടർന്ന് വൃക്ഷത്തൈ നട്ട് പരിസ്ഥിതിദിനം ആചരിച്ചു.

**ചെറുകാട്ടൂർ യൂണിറ്റ്**

ജൂലൈ 10 ന് യുവജനദിനാഘോഷം നടത്തി, അംഗങ്ങൾ എല്ലാവർക്കും പ്രാർത്ഥനാകാർഡ് വിതരണം ചെയ്തു. ഒ.സി.ഡി. ബ്രദേഴ്സിന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കുവേണ്ടി വിവിധ മൽസ

രങ്ങൾ സംഘടിപ്പിച്ചു. കെ.സി.വൈ.എം രൂപതാ ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ, നടവയൽ മേഖല ഡയറക്ടർ റവ. ഫാദർ അഗസ്റ്റ്യൻ ചിറക്കത്തോട്ടം, യൂണിറ്റ് ഡയറക്ടർ റവ. ഫാദർ ജോർജ്ജ് തേരകം, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. സനോജ് ചിറ്റക്കൽ, രൂപതാ കോ-ഓഡിനേറ്റർ സിജോ തൈപ്പറമ്പിൽ, യൂണിറ്റ് പ്രസിഡണ്ട് ഹൃദ്ദിൽ പുലിക്കോട്ടിൽ, യൂണിറ്റ് ആനിമേറ്റർ സി. പിയൂഷ എം. എസ്. ജെ. എന്നിവർ സംസാരിച്ചു. യുവജനങ്ങൾക്കുവേണ്ടി പ്രത്യേക വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ ആരാധനയും ഈ ദിവസം നടത്തപ്പെട്ടു.

**മഞ്ഞൂറ യൂണിറ്റ്**

ജൂലൈ 10 ന് യുവജനദിനാഘോഷം നടത്തി. അന്നേ ദിവസത്തെ വി.ബലിക്ക് ഗാനശുശ്രൂഷ, അൾത്താര ശുശ്രൂഷ, കാഴ്ചവയ്പ്പ് തുടങ്ങിയവയ്ക്ക് യുവജനങ്ങൾ തന്നെ നേതൃത്വം നൽകി. കാഴ്ചവയ്പ്പ് നടത്തി ലഭിച്ച തുക ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് ചികിൽസാ സഹായത്തിനായി കൊടുത്തു. വി. കുർബാനക്ക് ശേഷം യുവജനങ്ങളുടെ മീറ്റിംഗ് കൂടി, കലാപരിപാടികൾ അവതരിപ്പിച്ചു.

**ധർമ്മഗിരി യൂണിറ്റ്**

1-6-16 ന് ദിവ്യബലിക്കുശേഷം ജൂൺമാസ പ്രവർത്തനങ്ങൾ അനുഗ്രഹീതമാകുന്നതിന് ദിവ്യകാരുണ്യ ആരാധന നടത്തി. കുമാരി നീതു കുന്നേൽ ആരാധനയ്ക്ക് നേതൃത്വം നൽകി, 19 അംഗങ്ങൾ പങ്കെടുത്തു.

ലോകപരിസ്ഥിതി ദിനത്തോടനുമ്പന്ധിച്ച് തമിഴ്നാട് ഫോറസ്റ്റുമായി ചേർന്ന് ധർമ്മഗിരി വില്ലേജിന്റെ വിവിധ ഭാഗങ്ങളിലായി 16 മരത്തൈ നട്ടു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിനോയ് കാശാംകുറ്റിയിൽ മരതൈ നട്ടു ഉദ്ഘാടനം ചെയ്തു.

6-6-16 കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ധർമ്മഗിരി ഇടവകാംഗമായ ബേബി കാവുങ്കലിന് 32826 രൂപ ഭവന നിർമ്മാണത്തിനായ് സമാഹരിച്ചു നൽകുകയും നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തു.

12-6-2016 ന് നിർദ്ധനരായ കുട്ടികളുടെ പഠനാവശ്യത്തിനായ് 22500 രൂപ സമാഹരിച്ച് വിതരണം ചെയ്തു.

26-6-2016 ന് കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ 150 കിലോ അരി സമാഹരിക്കുകയും ഗൂഡല്ലൂരിലെ ജീവൻ രക്ഷാഭവൻ ബാലസദനത്തിൽ ഏൽപ്പിക്കുകയും ചെയ്തു.

**തൃശ്ശിലേരി യൂണിറ്റ്**

ജൂൺ 5 ന് ചേർന്ന യോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജോയിസ് പുൽപ്പറമ്പിൽ (പ്രസിഡണ്ട്), തുഷാര കൊടുന്തറയിൽ (വൈസ് പ്രസിഡണ്ട്), മേബിൻസ് മുണ്ടത്താനത്ത് (സെക്രട്ടറി), ഐഡ ഓണശ്ശേരി (ജോ. സെക്രട്ടറി), നോബിൾ അഗളയിൽ (ട്രഷറർ), ജെസ്ന അഗളയിൽ (കോ ഓഡിനേറ്റർ), അമൽ എളമ്പാശ്ശേരി, ആൽഫി ഓണശ്ശേരി (സെനറ്റ് മെംമ്പേഴ്സ്).

29 ന് കെ. സി. വൈ.എം. മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാളും യുവജനദിനവും ആചരിച്ചു, യുവജനങ്ങളെല്ലാം അന്നേദിവസം വി. ബലിയിൽ പങ്കെടുത്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
സെക്രട്ടറി
**സിബിൻ പാലമൂട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ മെയ് 22 മുതൽ 25 വരെ നടന്ന കോഴ്സിൽ 114 പേരും ജൂൺ 24 മുതൽ 27 വരെ നടന്ന കോഴ്സിൽ 117 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ആഗസ്റ്റ് 7-10 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് 26-29 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| സെപ്റ്റംബർ 9 -12 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ടീം അംഗങ്ങൾ, വിമൻസ് കമ്മീഷൻ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഏകസ്ഥർ, മാതൃവേദിയുടെ മേഖലാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത യോഗം 2016 ജൂലൈ 21 -ാം തീയതി 10.30 -ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു.

21-07-2016 -ന് പാസ്റ്ററൽ സെന്ററിൽ വെച്ച് ചേർന്ന സംയുക്ത യോഗത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ടീം അംഗങ്ങൾ, വിമൻസ് കമ്മീഷൻ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഏകസ്ഥർ, മാതൃവേദിയുടെ മേഖലാ പ്രസിഡന്റുമാർ എന്നിവർ പങ്കെടുത്തു. രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ശ്രീമതി നിഷ പുൽപറമ്പിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഡയറക്ടറച്ചൻ ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. തുടർന്ന് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. പ്രത്യേകമായി ഒക്ടോബർ 11-ാം തീയതി നടത്തുവാനിരിക്കുന്ന ഉദ്യോഗസ്ഥരായ അമ്മമാരുടെ സംഗമം, ആനിമേറ്റേഴ്സ് സംഗമം മറ്റ് പ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. മാതൃവേദി രൂപതയ്ക്കു നൽകേണ്ട ഇടവക വിഹിതം 200-ൽ നിന്നും 250 രൂപയായി

ഉയർത്തണമെന്ന് യോഗം നിർദ്ദേശിച്ചു. കേന്ദ്രസമിതി നിർദ്ദേശിച്ച 1 അമ്മ 1 രൂപ പദ്ധതി, നടപ്പാക്കാമെന്ന് നിശ്ചയിച്ചു. ഇനി മുതൽ അംഗത്വ ഫീസ് 10 രൂപയായിരിക്കും രൂപതയിൽ നൽകേണ്ടത്. സംഭാവന കൂപ്പൺ അടുത്ത വർഷവും തുടരാൻ തീരുമാനിച്ചു. മേഖലകളിൽ ഭിന്നശേഷി സംഗമം, വിധവാ ക്ഷേമ പദ്ധതി എന്നിവ ചർച്ച ചെയ്തു. 43 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി യോഗത്തിന് നന്ദി പറഞ്ഞു.

**മാതൃവേദി**

**മാതൃവേദി ശാഖാ ആനിമേറ്റർമാരുടെ സംഗമം**

രൂപതയിലെ മാതൃവേദി ശാഖാ ആനിമേറ്റർമാരുടെ രൂപതാ സംഗമം 2016 ആഗസ്റ്റ് മാസം 13 –ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. പ്രസ്തുത സംഗമ ത്തിൽ എല്ലാ ശാഖകളിലെയും ബഹു. ആനിമേറ്റർമാർ പങ്കെടുക്കണ മെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**മാനന്തവാടി മേഖല**

2016 ജൂലൈ 16 –ാം തീയതി മാനന്തവാടി സെന്റ് ജോസഫ്സ് റ്റി.റ്റി.ഐ. ഓഡിറ്റോറിയത്തിൽ വെച്ച് മാതൃവേദി മാനന്തവാടി മേഖല 'സാന്ത്വനം' എന്ന പേരിൽ ഭിന്നശേഷി സംഗമം നടത്തി. യോഗത്തിൽ ഭിന്നശേഷിയുള്ളവർ, അവരുടെ മാതാപിതാക്കൾ, ശാഖാ ഡയറക്ടർമാർ , ആനിമേറ്റർമാർ, ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെ 92 പേർ പങ്കെടുത്തു. ആൽബിൻ കരിമ്പനാക്കുഴിയുടെ പ്രാർത്ഥനാ ഗാനത്തോടെ യോഗം ആരംഭിച്ചു. മേഖലാ ഡയറക്ടർ ബഹു. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ സ്വാഗതം ആശംസിച്ചു. കത്തീഡ്രൽ പള്ളി വികാരി ബഹു. ഫാ. ജോർജ്ജ് മൈലാടൂർ അദ്ധ്യക്ഷതവഹിച്ചു. ഉദ്ഘാടനം ഫാമിലി അപ്പോസ്റ്റലേറ്റ്, മാതൃവേദി രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു പെരിയപ്പുറം നിർവ്വഹിച്ചു. രൂപതാ വികാരി ജനറാൾ വെരി.റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ സാന്നിദ്ധ്യം നൽകി അനുഗ്രഹിച്ചു. തുടർന്നു നടന്ന ക്ലാസ്സുകളിൽ നാഷനൽ ട്രസ്റ്റ് ജില്ലാ ട്രഷറർ ശ്രീ.പി.ജെ. ആന്റണി മാസ്റ്റർ ഇവരുടെ അവകാശങ്ങളെപ്പറ്റിയും സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളെപ്പറ്റിയും, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. ഷജിത് ത്രിതല പഞ്ചായത്തുകളിൽ നിന്നു ലഭിക്കുന്ന വിവിധ സ്കോളർഷിപ്പുകളെപ്പറ്റിയും സംസാരിച്ചു. രൂപതാ ആനിമേറ്റർ സി.കൃപ എസ്.എ.ബി.എസ്. ഇവർക്കുള്ള സ്നേഹോ പഹാരം നൽകി. മേഖലാ പ്രസിഡന്റ് ശ്രീമതി നിഷ ബോബി നന്ദി അറിയിച്ചു. ഈ സംരംഭത്തിന് സാമ്പത്തിക സഹായം നൽകിയ പീറ്റർ

ജോസഫിനെ രൂപതാ സെക്രട്ടറി ശ്രീമതി മോളി കരിമ്പനാക്കുഴി പ്രത്യേകം അനുസ്മരിച്ചു. മാതാപിതാക്കളിൽ പലരും തങ്ങളുടെ ജീവിതാനുഭവങ്ങൾ വേദിയിൽ പങ്കിട്ടു. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

**കൽപ്പറ്റ മേഖല**

മേഖലാ ജനറൽബോഡി 26-6-2016-ന് ഫൊറോന ദേവാലയത്തിൽ നടന്നു. മേഖലാ ഡയറക്ടർ ബഹു.ഫാ.തോമസ് പരുന്തനോലിൽ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീമതി റോസിലി നെല്ലിനിൽക്കുംതടത്തിൽ അദ്ധ്യക്ഷയായിരുന്നു. ഫൊറോനാ വികാരി ബഹു.ഫാ.മാത്യു പെരുമാട്ടിക്കുന്നേൽ, രൂപതാ ആനിമേറ്റർ സി.കൃപ എസ്.എ.ബി.എസ്, രൂപതാ പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി എന്നിവർ ആശംസകൾ അർപ്പിച്ചു. 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് ഗ്രേസി ടീച്ചർ ക്ലാസ്സെടുത്തു. ഫൊറോനയിലെ 13 ശാഖകളിൽ നിന്നും ആനിമേറ്റേഴ്സ്, രൂപതാ കൗൺസിൽ അംഗം സി.അനിലിറ്റ് എസ്.എച്ച്, മേഖലാ ആനിമേറ്റർ സി.ലില്ലി പുരയ്ക്കൽ എസ്.എച്ച്., മറ്റ് ഭാരവാഹികൾ പങ്കെടുത്തു. കലാ സാഹിത്യ മൽസരങ്ങളുടെ ട്രോഫികൾ സമ്മാനിച്ചു. മേഖലാ സെക്രട്ടറി ശീമതി റോസമ്മ മാംകരി നന്ദി പറഞ്ഞു.

**പൂക്കോട്ടുംപാടം**

5-6-2016 -ന് സൺഡേ സ്കൂൾ പ്രവേശനോൽസവം സംഘടിപ്പിച്ച് പായസവിതരണം നടത്തി. നിർധനകുടുംബത്തിലെ ഡിഗ്രിക്ക് പഠിക്കുന്ന രണ്ട് പെൺകുട്ടികൾക്ക് പഠനസഹായം നൽകി.

**മഞ്ഞൂറ**

തിരുഹൃദയ വണക്കമാസം വീടുകളിലും, പള്ളികളിലും വായിച്ചു. അമ്മമാർ നേതൃത്വം നൽകി. എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ A+ നേടിയ മിഥുൻ വെള്ളാന, ജോർലിറ്റ് ചെറിയനോലിക്കൽ എന്നിവരെ ആദരിച്ചു. കഴിഞ്ഞ വർഷം മീറ്റിംഗിൽ മുടങ്ങാതെ സംബന്ധിച്ച ജാൻസി പഴയംകോട്ടിലിന് സമ്മാനം നൽകി. 6-7-2016 -ന് 'കുടുംബം കരുണയുടെ ഉറവിടം' എന്ന വഷയത്തെക്കുറിച്ച് മാതൃവേദി രൂപതാ കൗൺസിൽ അംഗം ശ്രീമതി. ഷീന മുണ്ടാടൻ ഇടവകയിലെ മാതാക്കൾക്കായി സെമിനാർ നടത്തി. ക്യാൻസർ രോഗിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**ശാന്തിഗിരി**

മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ലോഗോസ് പരീക്ഷയുടെ രജിസ്ട്രേഷനു വേണ്ടിയുള്ള ക്രമീകരണവും വചന പഠനവും നടന്നു കൊണ്ടിരിക്കുന്നു. വണക്കമാസ പുസ്തകങ്ങൾ എല്ലാ

കുടുംബങ്ങളിലും ലഭ്യമാകുതിനു വേണ്ടി മാതൃവേദി അംഗങ്ങൾ നേതൃത്വം നൽകി.

**കാവുമന്ദം**

എല്ലാ കുഞ്ഞുമക്കളുടെയും സ്വഭാവരൂപികരണത്തിനും ദൈവവിശ്വാസത്തിലുള്ള വളർച്ചയ്ക്കുമായി മാതൃവേദി അംഗങ്ങൾ 'ചെയിൻ റോസറി' നടത്തി. പാവപ്പെട്ട കുട്ടികൾക്ക് പഠനസഹായം നൽകി. കാട്ടികുളം ബാലഭവൻ സന്ദർശിച്ച് അരി നൽകി.

**പുതിയിടംകുന്ന്**

5-ന് എക്സിക്യൂട്ടീവ് ചേർന്നു. അമ്മമാർ സമരിറ്റൻ ഭവൻ സന്ദർശിച്ചു. വാർഡുകളിൽ മാതൃവേദി മീറ്റിംഗ് ചേർന്നു തീരുമാനങ്ങൾ എടുത്തു.

**കൽപ്ര**

വെള്ളിയാഴ്ച്ചകളിലെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും, ദമ്പതീ കൂട്ടായ്മയ്ക്കും, ജാഗരണ പ്രാർത്ഥനയ്ക്കും, ബൈബിൾ വായനയ്ക്കും മാതൃവേദി അംഗങ്ങൾ നേതൃത്വം നൽകി വരുന്നു. സ്വയം തൊഴിൽ സംരംഭമായ സോപ്പുപൊടിയും മറ്റ് ഉൽപങ്ങളും മാതൃവേദി അംഗങ്ങൾ നിർമ്മിച്ച് വിറ്റഴിച്ച് വരുന്നു.

**നെല്ലിയോടി**

ആനിമേറ്റർ സിസ്റ്ററും മാതൃവേദി അംഗങ്ങളും ഇടവകയിലെ ഭവനങ്ങളും, രോഗികളെയും സന്ദർശിച്ചു. കുടുംബപ്രാർത്ഥനയെ കുറിച്ചും, കൂദാശാ ജീവിതത്തെക്കുറിച്ചും ഭവനാംഗങ്ങളുമായി ചർച്ച ചെയ്യുകയും ഭവനങ്ങളിൽ പ്രാർത്ഥന നടത്തുകയും ചെയ്തു. ക്യാൻസർ രോഗിക്ക് 2000/- രൂപ ചികിൽസാ സഹായം നൽകി. പള്ളിമുറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഞായറാഴ്ച്ച രാവിലത്തെ ദിവ്യബലിക്ക് ശേഷം ചായയും മധുര പലഹാരങ്ങളും വിതരണം ചെയ്തു. സമരിറ്റൻഭവനിൽ ഒരു ദിവസത്തെ ഭക്ഷണം മാതൃവേദി അംഗങ്ങൾ ഉണ്ടാക്കി കൊടുത്തു.

**മീനങ്ങാടി**

കരുണയുടെ വർഷത്തോടനുബന്ധിച്ച് വാഴവറ്റ ജ്യോതിനിവാസ് സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും 50 കിലോ അരി നൽകുകയും ചെയ്തു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 1-7-2016**

2016 ജൂലൈ 1, ആദ്യ വെള്ളി- സീയോൻ ധ്യാന കേന്ദ്രത്തിൽ 4 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. ഒരുക്ക ശുശ്രൂഷ നടത്തി. 6.30 ന് ജാഗരണ പ്രാർത്ഥന, കുരിശിന്റെവഴി, വി.കുർബാന എന്നിവയ്ക്ക് ശേഷം 12 മണിയോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി, ഏകദിന കൺവെൻഷൻ 2-7-2016**

ഒരുക്ക ശുശ്രൂഷകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചിരിപ്പ് എന്നിവയ്ക്കുശേഷം, 8.45 ന് കൺവെൻഷൻ ആരംഭിച്ചു. റവ.ഫാ.ജോർജ് തേരകം വി.കുർബാന അർപ്പിച്ച് വചന പ്രഘോഷണം നടത്തി. അനുഭവ സാക്ഷ്യത്തെതുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. 3.30 ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാം ശനി- സ്പിരിച്ചൽ ഷെയറിങ്ങ് ദിനം 9-7-2016**

സ്പിരിച്ചൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളിയാഴ്ച സിയോനിൽ വന്ന് പ്രാർത്ഥിച്ചൊരുങ്ങി, ശനിയാഴ്ച ശുശ്രൂഷകൾ നടത്തി. 98 പേർ ശുശ്രൂഷയിൽ പങ്കെടുത്തു.

**ആന്തരീക സൗഖ്യ ധ്യാനം ജൂലൈ 17-21**

ജൂലൈ മാസത്തിൽ സീയോൻ ധ്യാനകേന്ദ്രത്തിൽവച്ച് നടത്തിയ ധ്യാനത്തിൽ 88 പേർ പങ്കെടുത്തു.

**ശുശ്രൂഷകർക്ക് വേണ്ടി ഏകദിന ട്രെയിനിംഗ് 8-7-2016**

സീയോനിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് വേണ്ടി ജൂലൈ 8 -ാം തീയതി രാവിലെ 9 മണി മുതൽ 5 മണിവരെ ഏകദിന ട്രെയിനിംഗ് ബഹു. സി. ജെസ്‌ലിൻ MSMI യുടെ നേതൃത്വത്തിൽ നടന്നു.

**രോഗസൗഖ്യ ദിനം 25-6-2016**

സൗഖ്യത്തിനായ് കടന്നുവരുന്ന രോഗികൾക്ക് വേണ്ടി ജപമാല, സ്തുതി-ആരാധന എന്നീ ശുശ്രൂഷകളോടെ പ്രാർത്ഥന ആരംഭിച്ചു. ബഹു.സോണി വാഴക്കാട്ടച്ചൻ വി.കുർബാന അർപ്പിച്ച് സൗഖ്യ പ്രാർത്ഥനയും കൈവെപ്പ് ശുശ്രൂഷയും നടത്തി.

**ജീസസ്‌യൂത്ത് കൂട്ടായ്മ**

**ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

ജൂലൈ 5–ാം തീയതി 5 മണിമുതൽ 6–ാം തീയതി 3 മണിവരെ ലീഡേഴ്സ് ട്രെയിനിംഗ് നടന്നു. 45 പേർ ട്രെയിനിംഗിൽ പങ്കെടുത്തു. തലശ്ശേരി സോണിലെ ശ്രീ.ബിനോഷ് നേതൃത്വം നൽകി. ബഹു. വിനോദ് പാക്കാനിക്കുഴി അച്ചൻ വി.ബലി അർപ്പിച്ച് സന്ദേശം നൽകി.

**രണ്ടാം ശനി – യുവജന ഏകദിന കൺവെൻഷൻ**

“അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുമ്പി ലൂടെ കടന്ന് പോയി. കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും, വിശ്വസ്തതയിലും അത്യുദാരൻ” (പുറ.34.6). ജൂലൈ 8 രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങിയതിനുശേഷം, ശനിയാഴ്ച ജപമാല, സ്തുതി–ആരാധന എന്നിവയോടെ കൺവെൻഷൻ ആരംഭിച്ചു. ക്രിസ്തീയ വിശ്വാസജീവിതത്തെകുറിച്ച് ജീസസ് യൂത്ത് ലീഡർ, ശ്രീ.ജോബി കൈതമന ക്ലാസ്സെടുത്തു. റവ.ഫാ.ഷാജു (നോർബർട്ടൈൻ) വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം അനുഭവസാക്ഷ്യം, ആരാധന എന്നിവയോടെ കൺവെൻഷൻ സമാപിച്ചു.

**സീയോൻ –ആഗസ്റ്റ് മാസത്തിൽ**

| | | |
|---|---|---|
| ആഗസ്റ്റ് 5 | – | ആദ്യവെള്ളി |
| ആഗസ്റ്റ് 6 | – | ഏകദിന കൺവെൻഷൻ |
| ആഗസ്റ്റ് 13 രണ്ടാം ശനി | – | പൊതു സ്പിരിച്ചൽ ഷെയറിങ്ങ് ദിനം യുവജന ദിനം |
| ആഗസ്റ്റ് 14–18 | – | ആന്തരിക സൗഖ്യ ധ്യാനം |
| ആഗസ്റ്റ് 21–25 | – | സിയോൻ ശുശ്രൂഷകരുടെ ധ്യാനം |
| ആഗസ്റ്റ് 19 മൂന്നാം വെള്ളി | – | ജാഗരണ പ്രാർത്ഥന |
| ആഗസ്റ്റ് 27 നാലാം ശനി, | – | രോഗികൾക്കായുള്ള സൗഖ്യ ശുശ്രൂഷാദിനം |

**ഡയറക്ടർ**
**സിയോൻ സി.ആർ.സി**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ, സഹോദരങ്ങളേ,

"നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും"

ലോകരക്ഷകനായ യേശുനാഥന്റെ രൂപാന്തരീകരണ തിരുനാളിന്റേയും പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും മംഗളങ്ങൾ നേരുന്നതിനോടൊപ്പം ആഗസ്റ്റ് മാസത്തിൽ നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തിന്റേയും മംഗളങ്ങൾ ആശംസിക്കുന്നു.

ലോകമോഹങ്ങൾക്ക് കരകാണാക്കടലിൽ ഉഴലുന്ന നമ്മുടെ സഹോദരങ്ങളിൽ ലോകരക്ഷകനെ ദർശിച്ച്, ആത്മീയ സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിന്, പരസ്നേഹപ്രവർത്തനങ്ങളിൽ ശക്തിയും ഊർജ്ജസ്വലതയും നമുക്ക് ലഭിക്കുന്നതിന് സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി.വിൻസെന്റ് ഡി പോളിന്റേയും, സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും മാദ്ധ്യസ്ഥവും പരിശുദ്ധ കന്യകാമാതാവിന്റെ സാന്നിദ്ധ്യവും അപേക്ഷിച്ചുകൊണ്ട് കൈകോർക്കാം.

**സിസി യോഗം**

2016 ജൂലൈ 6-ാം തീയതി ബ്രദർ. തോമസ് മാങ്ങൻ അദ്ധ്യക്ഷനായി ബഹു. റവ.ഫാ. ഷാജി മുളകൊടിയാങ്കലിന്റെ സാന്നിദ്ധ്യത്തിൽ ഓസാനാം ഭവനിൽവെച്ച് സിസി യോഗം ചേർന്നു.

സിസി യോഗത്തിൽ വിദ്യാജ്യോതി (സ്പെഷ്യൽ) US സ്കോളർഷിപ്പ് താഴെപറയുന്ന കുട്ടികൾക്ക് വിതരണം ചെയ്തു.

| | | |
|---|---|---|
| 1. | അഞ്ജു എളമ്പിലക്കാട്ട് | സെന്റ് ജോസഫ് തെനേരി |
| 2. | ജീവൻ തോമസ് | ഇൻഫന്റ് ജീസസ് കബിനിഗിരി |
| 3. | ഗ്ലോറിയ ആന്റണി | ഇൻഫന്റ് ജീസസ് കബിനിഗിരി |

| | | |
|---|---|---|
| 4. | നിസി യു.എൻ. | സെന്റ് മേരീസ് കല്പറ്റ |
| 5. | അനീറ്റ സനിൽ | സെന്റ് തോമസ് ദീപ്തിഗിരി |
| 6. | ലിജിൽ സോജൻ | സെന്റ് അൽഫോൻസ ദീപ്തിഗിരി |
| 7. | അജിത് പ്രകാശ് | സെന്റ് മരിയഗൊരേത്തി കല്ലോടി |
| 8. | ആൽബിൻ പൗലോസ് | സെന്റ് ജോസഫ് ബാലേശുഗിരി |
| 9. | ആൽബിൻ സജി | സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി |
| 10. | അഞ്ജലി ജെയിംസ് | സെന്റ് തെരേസ തരിയോട് |
| 11. | നിർമ്മൽ ജോസ് | സെന്റ് ജോർജ്ജ് കോട്ടത്തറ |
| 12. | സ്നേഹ പി. ദേവസ്യ | സെന്റ് തോമസ് ചെന്നലോട് |
| 13. | ഡിൽന വർക്കി | സെന്റ് അൽഫോൻസ കാവുംമന്ദം |
| 14. | അഞ്ജലി ക്രിസ്റ്റി ജോസ് | സെന്റ് മേരീസ് യവനാർകുളം |
| 15. | അനീറ്റ ജോസഫ് | സെന്റ് മേരീസ് യവനാർകുളം |
| 16. | ടീന ജോർജ്ജ് | സെന്റ് മേരീസ് തോണിച്ചാൽ |
| 17. | നീനു ജെയിംസ് | ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ |
| 18. | ദിവ്യ പീറ്റർ | സെന്റ് തെരേസ കൊമ്മയാട് |
| 19. | സാന്ദ്ര വി.ബി. | സെന്റ് അൽഫോൻസ ദ്വാരക |
| 20. | ജസ്റ്റിൻ എളമ്പാശ്ശേരി | സെന്റ് ജോസഫ് ബാലേശുഗിരി |

ഓസാനാംഭവൻ നിലവിൽ നേരിടുന്ന പ്രശ്നങ്ങളെ വിലയിരുത്തി. ഏസി കോൺഫറൻസ്തല ഭാരവാഹികളുടേയും വിൻസെൻഷ്യൻ പ്രവർത്തകരുടേയും കൂടുതൽ സഹകരണങ്ങളും പ്രവർത്തനങ്ങളും ആവശ്യമാണ് എന്ന് അറിയിച്ചു.

ഓസാനാംഭവനിൽ അന്തേവാസികളുടെ എണ്ണം കൂടിയതിനാൽ ശുശ്രൂഷകർ കൂടുതൽ ആവശ്യമായി വന്നിരിക്കുന്നു. കൂടാതെ രാത്രിയിൽ ശുശ്രൂഷക്കായി ബുദ്ധിമുട്ടുകൾ നേരിടുന്നു.

**ഓസാനാംഭവൻ രാത്രി സേവനം**

**പുൽപ്പള്ളി ഏസി**

| | | |
|---|---|---|
| 16-8-2016 | സാന്തോം | മരകാവ് |
| 17-8-2016 | സെന്റ് മേരീസ് | മരകാവ് |
| 18-8-2016 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 19-8-2016 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 20-8-2016 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |

| | | |
|---|---|---|
| 21-8-2016 | സെന്റ് ജൂഡ് | അമരക്കുനി |
| 22-8-2016 | ഇൻഫന്റ് ജീസസ് | പട്ടാണികൂപ്പ് |

**തരിയോട് ഏസി**

| | | |
|---|---|---|
| 23-8-2016 | സെന്റ് ഫ്രാൻസീസ് അസ്സീസി | മഞ്ഞൂറ |
| 24-8-2016 | സെന്റ് തെരേസ | തരിയോട് |
| 25-8-2016 | സെന്റ് തോമസ് (യൂത്ത്) | തരിയോട് |
| 26-8-2016 | സെന്റ് തോമസ് | ചെന്നലോട് |
| 27-8-2016 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 28-8-2016 | ലൂർദ്ദ്മാതാ | കാവുംമന്ദം |
| 29-8-2016 | സെന്റ് ജോർജ് | കോട്ടത്തറ |
| 30-8-2016 | സെന്റ് മേരീസ് | ചെന്നലോട് |

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 31-8-2016 | ലിറ്റിൽഫ്ളവർ | ചെറുകാട്ടൂർ |
| 01-9-2016 | സെന്റ് അൽഫോൻസ | ദ്വാരക |
| 02-9-2016 | സെന്റ് ആന്റണി | ദ്വാരക |
| 03-9-2016 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 04-9-2016 | സെന്റ് മേരീസ് | തോണിച്ചാൽ |
| 05-9-2016 | സെന്റ് തെരേസ | കൊമ്മയാട് |
| 06-9-2016 | സെന്റ് മേരീസ് | കാരക്കാമല |

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 07-9-2016 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 08-9-2016 | സെന്റ് ഫ്രാൻസീസ് അസ്സീസി | മീനങ്ങാടി |
| 09-9-2016 | അമലോത്ഭവമാതാ | വാഴവറ്റ |
| 10-9-2016 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 11-9-2016 | സെന്റ് ജോർജ്ജ് | കൊളവയൽ |
| 12-9-2016 | ക്രിസ്തുരാജ | കരണി |
| 13-9-2016 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 14-9-2016 | സെന്റ് ജോസഫ് | തെനേരി |
| 15-9-2016 | സെന്റ് മേരീസ് | തെനേരി |

**ഓസാനാംഭവൻ സന്ദർശനം**

**കല്ലോടി ഏസി**

| | | |
|---|---|---|
| 29-8-2016 | സെന്റ് തോമസ് | ദീപ്തിഗിരി |
| 31-8-2016 | സെന്റ് അൽഫോൻസ | ദീപ്തിഗിരി |

| | | |
|---|---|---|
| 02-9-2016 | സെന്റ് തോമസ് | വഞ്ഞോട് |
| 04-9-2016 | സെന്റ് അൽഫോൻസ | മക്കിയാട് |
| 06-9-2016 | സെന്റ് ബനഡിക്ട് | മക്കിയാട് |
| 08-9-2016 | സെന്റ് ആന്റണി | കുഞ്ഞോം |
| 10-9-2016 | സെന്റ് മേരീസ് | പുതുശ്ശേരി |
| 12-9-2016 | സെന്റ് ജോർജ്ജ് | കല്ലോടി |
| 14-9-2016 | സെന്റ് മേരീസ് | കല്ലോടി |

**കുറുമ്പാല ഏസി**

| | | |
|---|---|---|
| 16-9-2016 | സെന്റ് അൽഫോൻസ | പുതുശ്ശേരിക്കടവ് |
| 18-9-2016 | ക്രിസ്തുരാജ | പുതുശ്ശേരിക്കടവ് |
| 20-9-2016 | സെന്റ് സെബാസ്റ്റ്യൻ | കുപ്പാടിത്തറ |
| 22-9-2016 | സെന്റ് മേരീസ് | കുറുമ്പാല |
| 24-9-2016 | സെന്റ് ജോസഫ് | കുറുമ്പാല |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ത വിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശ്യല്യയോജന (DDU-GKY) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേയ്ക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യംവെയ്ക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിവൈൻ ടെക്നോളജി ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണമായും സൗജന്യമാണ്. പഠനം നന്നായി പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 125 രൂപവീതം യാത്രാബത്ത നൽകുന്നതാണ്.

ഇതുവരെ 124 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 110 കുട്ടികൾക്ക് ജോലിനൽകാനും സാധിച്ചു. ഫുഡ്പ്രോസസ്സിംഗിന്റെ നാലാം ബാച്ച് ഈ മാസം ആരംഭിച്ചു. ഇപ്പോൾ ഏകദേശം 60 കുട്ടികൾ ട്രെയ്നിംഗ് നടത്തുന്നു. ഈ വർഷത്തെ എല്ലാ ബാച്ചുകളും ആരംഭിച്ചുകഴിഞ്ഞു അടുത്തവർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ ആരംഭിക്കുന്നതാണ്.

**വികാസ് പീഡിയ കേരള**

കേന്ദ്രഗവൺമെന്റ് സിഡാകിന്റെ മേൽനോട്ടത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിവഴി നടപ്പിലാക്കിവരുന്ന വികാസ് പീഡിയ പ്രൊജക്റ്റിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ

അവസാനഘട്ടത്തിലൂടെ കടന്നു പോവുകയാണ്. ഇന്ത്യയിലെ ഇരുപതോളം സംസ്ഥാനങ്ങളിൽ ഓരോ സംസ്ഥാനങ്ങളിലെയും പ്രാദേശിക ഭാഷയിൽ വിവരങ്ങൾ ശേഖരിച്ച് ഇന്റർനെറ്റുവഴി എല്ലാവർക്കും പ്രാദേശിക ഭാഷയിൽ അറിവു ലഭ്യമാക്കുകയെന്ന വിപുലമായ പദ്ധതികഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുകയാണ്.

മലയാളഭാഷയിൽ അറിവുകളും, അനുഭവങ്ങളും, പങ്കുവയ്ക്കുവാനും സാധാരണ ജനങ്ങൾക്ക് ജനപ്രദമായ രീതിയിൽ വികാസ്പീഡിയ മലയാളം ഇന്റർനെറ്റ് പോർട്ടൽ സാധാരണ ജനങ്ങൾക്കുപോലും ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ സജ്ജമാക്കുവാനും നമ്മുക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് തികച്ചും അഭിമാനാർഹമാണ്.

2015-16 വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുവാനും ചർച്ചചെയ്യുവാനുമായി ജൂലായ് 14 മുതൽ 16 വരെ ഹൈദരാബാദിൽ വച്ച് ദേശീയ മീറ്റിംഗ് നടത്തപ്പെട്ടു. ഈ മീറ്റിംഗിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും വികാസ്പീഡിയ പ്രൊജക്ട് പ്രതിനിധികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

വിവിധ സംസ്ഥാനങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കുള്ള സമ്മാനം വികാസ്പീഡിയ കേരളക്കു ലഭിച്ചുവെന്നുള്ളത് നമ്മുടെ കൂട്ടായ പ്രവർത്തനത്തിനു കിട്ടിയ അർഹമായ അംഗീകാരമാണ്. ഈ കൂട്ടായ പ്രയത്നത്തിൽ പങ്കാളികളായ എല്ലാവർക്കും നന്ദിയുടെ പുഷ്പഹാരം സമ്മാനിക്കുന്നതോടൊപ്പം തുടർന്നും വരും വർഷങ്ങളിലെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വികാസ്പീഡിയ കേരള മലയാളം ഇന്റർനെറ്റ് പോർട്ടയിൽ പ്രവർത്തിച്ചുവരുകയാണ്. ഇനിയും വികാസ്പീഡിയയുടെ ഗുണഫലങ്ങൾ ലഭ്യമാകാത്ത ധാരാളമാളുകൾ ഇപ്പോഴും കേരളത്തിലുണ്ട്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ഉർജ്ജം, ഇ-ഗവേൺസ് എന്നീ വിഭാഗങ്ങളിൽ ഇനിയും ധാരാളം അറിവുകൾ ശേഖരിക്കുവാനും ലഭ്യമാക്കുവാനും ധാരാളം വികാസ്പീഡിയ പ്രവർത്തകരെ ആവശ്യമാണ്. ഈ പദ്ധതിയെ കൂടുതൽ ജനകീയമാക്കുവാനും വിജ്ഞാനപ്രദമാക്കുവാനും കൂടുതൽ ആളുകളെ ആകർഷിക്കുവാനും താങ്കളുടെ പ്രത്യേക സഹകരണം ലഭ്യമാക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. താങ്കളുടെ വിലയേറിയ അഭിപ്രായങ്ങൾ ml.vikaspedia.in സൈറ്റിൽ രേഖപ്പെടുത്തുവാൻ മറക്കരുതേ.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന നിർദ്ധനരായ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുവാനുള്ള ഈ പദ്ധതിയിൽ ഇന്ന് 310 കുടുംബങ്ങൾ അംഗങ്ങളാണ്.

സേവ് എ ഫാമിലി പ്ലാനിലേക്ക് പുതുതായി 50 കുടുംബങ്ങളെക്കൂടി അനുവദിച്ചു. ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു.

സേവ് എ ഫാമിലി പ്ലാനിന്റെ ഈ പ്രാവശ്യത്തെ മേഖലാതല യോഗങ്ങൾ ജൂലൈ 15,19,25 തീയതികളിൽ കൽപ്പറ്റ, മാനന്തവാടി, പുൽപ്പള്ളി എന്നിവിടങ്ങളിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ജനകീയ സംഘാടനം**

സോഷ്യൽ വെൽഫയർ സൊസൈറ്റി വനിത സ്വാശ്രയസംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

സംഘം സെക്രട്ടറിമാർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓർഗനൈസേഴ്സ് തുടങ്ങിയവർക്കുള്ള ട്രെയ്നിംഗ് ക്ലാസുകൾ നടത്തി 180 ഓളം സംഘങ്ങൾക്ക് കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമകോർപറേഷൻ സമുന്നതി പദ്ധതിയിൽ നിന്നും 20 ലക്ഷത്തോളം രൂപ സബ്സിഡിയായി ലഭിച്ചു. വിവിധ ബാച്ചുകളിൽ നിന്നായി മൂന്ന് ഗ്രൂപ്പുകൾക്ക് 7 ലക്ഷത്തോളം രൂപ വായ്പ ലഭിച്ചു. ഈ വർഷത്തെ സമുന്നതിപദ്ധതിയിലേക്കുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി.

**കേരള ലേബർമൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യസംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടിഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു.

**ക്ഷേമനിധി**

14-6-2016 ന് പുൽപ്പള്ളി സുരഭിക്കവലയിൽവെച്ച് വിവിധ ക്ഷേമനിധികളെകുറിച്ച് ക്ലാസെടുത്തു. 35 പേർ ക്ലാസിൽ പങ്കെടുത്തു.

16-6-2016 ന് WSSS കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിന്റെ സിറ്റിംഗ് നടന്നു. 40 പേർ ക്ഷേമനിധിയിൽ അംഗത്വമെടുത്തു.

പുതുതായി അംഗത്വമെടുത്തവരുടെ വിവരങ്ങൾ Online ആക്കുന്നതിനായി ID കാർഡ്, Pass book, Bank Pass book, ആധാർകാർഡ് എന്നി

വയുടെ പകർപ്പ് എത്രയുംവേഗം WSSS ഓഫീസിൽ എത്തിക്കേണ്ട താണ്.

**മേഖലാമീറ്റിംഗ്**

10-7-16 ന് ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോന പള്ളിയിൽ മീറ്റിംഗ് നടത്താൻ തീരുമാനിച്ചു.

**നബാർഡ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം**

നബാർഡ് പുതുതായി നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് വിവിധ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നടത്തുന്നതിന്റെ ഭാഗമായി ഒരുമാസം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ 7 ഉദ്യോ ഗസ്ഥർ പരിശീലനം പൂർത്തിയാക്കി. ഇന്ത്യയിൽ തന്നെ തിരഞ്ഞെടു ക്കപ്പെട്ട ഏതാനും സന്നദ്ധസംഘടനകളെയാണ് നബാർഡ് ഈ പരി ശീലനത്തിനായി തിരഞ്ഞെടുത്തത്. WSSS ന്റെ വിവിധ പ്രവർത്തന ങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും വിവിധ ലക്ഷ്യവിഭാഗങ്ങളു മായി സംവദിക്കുന്നതിനും പരിശീലനാർത്ഥികൾക്ക് സാധിച്ചു. നബാർഡ് ഹെഡ്ഓഫീസ് മുംബൈ, റീജിയണൽ ഓഫീസ് ഹൈദരാബാദ് റീജിയണൽ ഓഫീസ് തിരുവനന്തപുരം എന്നിവിടങ്ങളിലെ ഉദ്യോഗ സ്ഥരാണ് WSSS ൽ പഠനം നടത്തിയത്. പരിശീലനത്തിന് WSSS ഡയ റക്ടർ ഫാ. ബിജോ കറുകപ്പള്ളിയിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകി.

**പങ്കാളിത്ത പഠനം നടത്തി**

സമഗ്ര ആദിവാസി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എടത്തന കോളനിയിൽ വെച്ച് പങ്കാളിത്ത പഠനപരിപാടി നടത്തി. ചരി ത്രരേഖാ പഠനം, വിഭവ ഭൂപട നിർമ്മാണം, സാമൂഹ്യ ഭൂപട നിർമ്മാ ണം, സ്ഥാപന പഠനം, ഋതുഭേദ കലണ്ടർ, മുൻഗണനാക്രമ വിശകല നം, പ്രശ്നവാര വിശകലനം, സാധ്യതാ പഠനം എന്നിവ നടത്തി. പങ്കാ ളിത്ത പഠന പരിപാടിക്ക് WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി യിൽ പ്രോഗ്രാം ഓഫീസർ ജോസ് പി. എ. നബാർഡ് ഉദ്യോഗസ്ഥർ എന്നിവർ നേതൃത്വം നടത്തി.

**തൈകൾ വിതരണം ചെയ്തു**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് കുരുമുളക്, കാപ്പി എന്നിവ യുടെ തൈകൾ വിതരണം ചെയ്തു.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)**

### ജൈവകൃഷിസാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവകൃഷിയിലൂടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തുക, രാസവസ്തുക്കളുടെ ഉപയോഗം പരമാവധി നിർത്തലാക്കി മണ്ണിന്റെ സ്വാഭാവികത തിരികെപിടിക്കുക ചെറുകിട കർഷകരുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ ജൂൺ മാസത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു. പദ്ധതിയിലേക്ക് പുതിയതായി 54 കർഷകർ കൂടി അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പഴൂർ, അമരക്കുനി, സുരഭിക്കവല, പാളക്കൊല്ലി എന്നിവിടങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ജൈവകൃഷി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതെങ്ങനെ, സംഭരണരീതി, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ എന്നീ വിഷയങ്ങളിൽ ശ്രീ അമൽ ആന്റണി, ശ്രീമതി സുജ ജോയ്, ശ്രീ അരുൺ എന്നിവർ ക്ലാസുകൾ നയിച്ചു. പത്താം തരം, പ്ലസ് റ്റു പരീക്ഷകളിൽ ഉന്നത വിജയം നേടിയ പ്രദേശത്തെ വിദ്യാർത്ഥികളെ അനുമോദിച്ചു.

കർഷക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ജൈവ കാർഷിക വൃത്തിയും കൃഷി രീതികളും കാലഘട്ടത്തിനനുസരിച്ച് ക്രമപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി വില്ലേജ്തലത്തിൽ വില്ലേജ് ഫാം ക്ലബുകളുടെ (VFC) മീറ്റിംഗുകൾ വിവിധയിടങ്ങളിലായി നടന്നു വരുന്നു. തവിഞ്ഞാൽ, കാട്ടിമൂല, പേര്യ, വരയാൽ, വാളാട്, ചാലിക്യം, കാടൻകൊല്ലി, ഇല്ലത്തുംവയൽ, എടയൂർക്കുന്ന്, പനവല്ലി, കൂളിവയൽ, പിണങ്ങോട്, പുത്തൻകുന്ന്, മുണ്ടക്കൊല്ലി, പഴൂർ, താവണി, ചീരാൽ, കലൂർ, നമ്പിയാർകുന്ന്, തോമാട്ടുചാൽ, ചെല്ലങ്കോട്, കരിംകുറ്റി, മീനങ്ങാടി, കോട്ടൂർ, അരമ്പറ്റക്കുന്ന്, കല്ലോടി, പുലിക്കാട്, കരിന്തിരിക്കടവ്, എടമുണ്ട, മക്കിയാട്, വേലിയമ്പം, കേണിച്ചിറ, കബനിഗിരി, മരകാവ്, പാളകൊല്ലി എന്നിവിടങ്ങളിൽ നടന്ന മീറ്റിംഗുകളിൽ റീജിണൽ ഫീൽഡ് ഓഫീസർമാർ

പങ്കെടുത്തു. കൃഷിയിടത്തിലെ പ്രശ്നങ്ങൾ കർഷകരോട് ചോദിച്ചറിയുകയും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

പരിസ്ഥിതിക്കിണങ്ങുന്ന കൃഷിരീതിയിലൂടെ സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുക, കൃഷിയിടത്തിലെ ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുക, ജലം-വായു-മണ്ണ് മലിനീകരണത്തിന് തടയിടുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന റെയിൻ ഫോറസ്റ്റ് അലയൻസ് (RFA) സർട്ടിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള രണ്ടായിരം കർഷകരുടെ കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു.

**വോഫ**

ജൈവകർഷകരുടെ ഫെയർട്രേഡ് കൂട്ടായ്മയായ വോഫയ്ക്ക് ജൂൺ മാസം വിവിധ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനും കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

**രണ്ടാംഘട്ട ബോണസ് വിതരണം ചെയ്തു**

വോഫയിലെ ശേഖരിച്ച് വിപണനം നടത്തിയ കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നീ ഉത്പ്പന്നങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ 50 പൈസ വീതം ബോണസ് വിതരണം ചെയ്തു.

**ഫെയർട്രേഡ് സെമിനാർ സംഘടിപ്പിച്ചു**

പഴൂർ, സുരഭിക്കവല എന്നിവിടങ്ങളിൽ വച്ച് വോഫയിലെ അംഗങ്ങളായ കർഷക ഗ്രൂപ്പുകളിൽ ജൈവ-ഫെയർട്രേഡ് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ജർമനിയിൽ നിന്നും ഫെയർട്രേഡ് ഇവാല്യൂവേഷൻ ആന്റ് ലേർണിംഗ് മാനേജർ മാർഗരറ്റ് ലോഫാൻ, ഏഷ്യ പസഫിക് ഇവാല്യുവേഷൻ ആന്റ് ലേർണിംഗ് മാനേജർ ഹർവീൻ കൗർ എന്നിവർ ക്ലാസ്സുകൾ നൽകി. ICS കോർഡിനേറ്റർ ശ്രീ. അമൽ കർഷകർക്ക് ക്ലാസ്സുകൾ തർജ്ജമ ചെയ്തു.

**വോഫ വാർഷിക പൊതുയോഗം**

2016 ജൂൺ മാസം 28-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്ന 2015-16 വാർഷിക പൊതുയോഗത്തിൽ വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. പ്രസ്തുത പൊതുയോഗത്തിൽ സെക്രട്ടറി ശ്രീ. മാത്യു ഉണ്ണിപ്പള്ളി 2015-16 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും, 2015-16 വർഷത്തെ ബജറ്റും അവതരിപ്പിച്ചു. യോഗത്തിന് വോഫ വൈസ് ചെയർമാൻ ശ്രീ. സണ്ണി മൂലക്കര സ്വാഗതവും കോ-ഓർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ നന്ദിയും പറഞ്ഞു.

**വിദ്യാർത്ഥികളെ അനുമോദിച്ചു**

പത്താം തരം, പ്ലസ് റ്റു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വോഫയിലുൾപ്പെട്ട കർഷകരുടെ മക്കളെ അനുമോദിച്ചു. വോഫ വാർഷിക പൊതുയോഗത്തിൽ വച്ച് 25 വിദ്യാർത്ഥികൾക്ക് 1500/- രൂപയും ട്രോഫിയും ചെയർമാൻ ഫാ. ജോൺ ചൂരപ്പുഴയിൽ സമ്മാനിച്ചു.

**സംഭരണം, സംസ്കരണം, വിപണനം**

വോഫയിലെ കർഷകരിൽ നിന്നും ജൂൺ മാസം 460260 കിലോ കാപ്പി, 58.6 കിലോ ജാതിക്ക, 1.1 കിലോ ജാതിപത്രി, 513.9 കിലോ ഏലം, 334.2 കിലോ മഞ്ഞൾ, 18183 കിലോ കുരുമുളക്, 2.2 കിലോ ഗ്രാമ്പൂ, 3100 കിലോ പച്ച മാങ്ങ, 590 കിലോ തേങ്ങ, 271.4 കിലോ ഇഞ്ചി എന്നിവ കാപ്പി കിലോയ്ക്ക് 70 രൂപ, ജാതിക്ക കിലോയ്ക്ക് 275 രൂപ, ജാതിപത്രി കിലോ 900 രൂപ, ഏലം കിലോ 1200 രൂപ, മഞ്ഞൾ കിലോ 120 രൂപ, കുരുമുളക് കിലോ 725 രൂപ, ഗ്രാമ്പു കിലോ 900, പച്ച മാങ്ങ കിലോ 20 രൂപ, തേങ്ങ കിലോ 20 രൂപ പച്ച ഇഞ്ചി കിലോ 50 രൂപ എന്നീ നിരക്കിൽ സംഭരിച്ചു.

സംഭരിച്ച ഉത്പ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്ററിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അവാർഡ്**

ബയോവിൻ അഗ്രോ റിസർച്ചിന്റെ കാർഷിക ഉൽപ്പന്ന സംസ്കരണ സംവിധാനമായ ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്ററിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2015-16 വർഷത്തെ പരിസ്ഥിതി സംരക്ഷണത്തിനുള്ള അവാർഡ് ലഭിച്ചു. പ്രവർത്തനമാരംഭിച്ച ആദ്യ വർഷം തന്നെയാണ് ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ ഈ അപൂർവ്വ നേട്ടം കൈവരിച്ചത്.

വയനാട് ജില്ലയിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന ജൈവ ഫെയർട്രേഡ് കാർഷിക ഉത്പ്പന്നങ്ങളായ കാപ്പി, കുരുമുളക്, സുഗന്ധ വ്യഞ്ജനങ്ങൾ, മാങ്ങ, പപ്പായ മുതലായവ അത്യാധുനിക രീതിയിൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി മാറ്റുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്ററിൽ പരിസ്ഥിതിക്കിണങ്ങുന്ന രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം, മലിനീകരണ നിയന്ത്രണ

സംവിധാനങ്ങൾ തുടങ്ങിയവ കൃത്യതയോടെ നടപ്പിലാക്കിയതാണ് യൂണിറ്റിനെ അവാർഡിനർഹമാക്കിയത്.

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ മസ്കറ്റ് പാരഡൈസിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ശ്രീമതി കെ.കെ.ശൈലജ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ശ്രീ. കെ.ജെ. സജീവൻ എന്നിവരുടെ സാന്നിധ്യത്തിൽ ശ്രീമതി പി.കെ.ശ്രീമതി എം.പി യിൽ നിന്നും ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ, പ്രൊഡക്ഷൻ മാനേജർ മിനേഷ് കുമാർ, ഷാജി ജോസ്, ജോസ് പി. എം. എന്നിവർ ഏറ്റുവാങ്ങി.

**APEDA ഔട്ട് റീച്ച് പ്രോഗ്രാമിൽ പങ്കെടുത്തു**

ഇന്ത്യയിലെ ജൈവകൃഷി രീതി, ജൈവഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്, കയറ്റുമതി എന്നിവയുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ APEDA സംഘടിപ്പിച്ച ഔട്ട് റീച്ച് പ്രോഗ്രാമിൽ ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ ഫാ. ജോൺ ചൂരപ്പുഴയിൽ പങ്കെടുത്തു.

**സന്ദർശകർ**

കാപ്പി കർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി മോഡൽ സർവ്വേ നടത്തുവാൻ ഫെയർട്രേഡ് ഇന്റർ നാഷണലിൽ നിന്നും ഫെയർട്രേഡ് ഇവാല്യുവേഷൻ ആന്റ് ലേർണിംഗ് മാനേജർ മാർഗരറ്റ് ലോഫാൻ, ഏഷ്യ പസഫിക് ഇവാല്യുവേഷൻ ആന്റ് ലേണിംഗ് മാനേജർ ഹർവീൻ കൗർ എന്നിവർ ബയോവിൻ സന്ദർശിക്കുകയും വിവിധയിടങ്ങളിലായി സംഘടിപ്പിച്ച കർഷക ഗ്രൂപ്പ് മീറ്റിംഗുകളിൽ പങ്കെടുത്ത് കർഷകരുമായി സംവദിക്കുകയും ചെയ്തു.

ഡിമീറ്റർ സർട്ടിഫിക്കേഷന്റെ (ബയോ ഡൈനാമിക് ഫാമിംഗ്) സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനും ആദിവാസി വിഭാഗത്തിലുൾപ്പെട്ട കർഷകരിൽ നിന്നുമുള്ള സുഗന്ധ വ്യഞ്ജന ഉൽപ്പാദന സംസ്കരണ രീതികളറിയുന്നതിനുമായി പ്രമുഖ ജർമ്മൻ കമ്പനിയിൽ നിന്നും പ്രതിനിധികൾ ബയോവിൻ സന്ദർശിക്കുകയും ആദിവാസി വിഭാഗത്തിൽപ്പെട്ട കർഷകരുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

വിവിധ എക്സ്പോർട്ടിംഗ് കമ്പനികളുടെ പ്രതിനിധികൾ നബാർഡ് ടീം തുടങ്ങിയവർ ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിച്ചു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

## കെസിബിസി മദ്യവിരുദ്ധസമിതി

**ആനിമേറ്റർമാരുടെ സംഗമം**

മാനന്തവാടി രൂപത കെസിബിസി മദ്യവിരുദ്ധസമിതി ആനിമേറ്റർമാരുടെ യോഗം ജൂലൈ 16 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ജപമാലയ്ക്ക്ശേഷം നടന്ന സമ്മേളനം രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ആനിമേറ്റർ സി. ജോവിറ്റ, ശ്രീ. പി.എ. ജെയിംസ് എന്നിവർ ആശംസയർപ്പിച്ചു. സെക്രട്ടറി ശ്രീ. ടോമി നെടുംകൊമ്പിൽ സ്വാഗതവും സി. മരിയ സി.എം.സി. നന്ദിയും അർപ്പിച്ചു. 45 സിസ്റ്റർമാർ പങ്കെടുത്തു.

സമകാലിക മദ്യഉപയോഗവും സാമൂഹിക പ്രശ്നങ്ങളും എന്ന വിഷയത്തിൽ ശ്രീ. ജോൺസൺ തൊഴുത്തുങ്കലും ഇടവക മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ സന്യസ്തരുടെ പങ്ക് എന്ന വിഷയത്തിൽ റവ.ഫാ. സണ്ണി മഠത്തിലും ക്ലാസുകൾ നയിച്ചു. ഗ്രൂപ്പ് ചർച്ചയും കർമ്മപദ്ധതി പരിചയപ്പെടുത്തലും നടത്തി. സി. മരീന എസ്.എച്ച്. ചർച്ചകൾക്ക് നേതൃത്വം നൽകി.

**മാനന്തവാടി ബീവറേജ് സമരം വിജയിപ്പിക്കണം**

മാനന്തവാടി വള്ളിയൂർക്കാവിൽ പ്രവർത്തിക്കുന്ന ബീവറേജ് ചില്ലറ മദ്യവിൽപ്പനശാല മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആദിവാസി സമൂഹം നടത്തുന്ന സമരം വിജയിപ്പിക്കണമെന്ന് സമിതി ആഹ്വാനം നൽകി. റവ.ഫാ. സണ്ണി മഠത്തിൽ, ശ്രീ. പി.എ. ജെയിംസ് എന്നിവർ സമരപന്തൽ സന്ദർശിച്ചു. സമരപന്തൽ നിർമ്മാണത്തിന് സഹായം നൽകി.

**നിവേദനം നൽകി**

മാനന്തവാടി ബീവറേജ് വിദേശമദ്യ ചില്ലറ വിൽപ്പനകേന്ദ്രം അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയ്യായിരംപേർ ഒപ്പിട്ട നിവേദനം കെസിബിസി മദ്യവിരുദ്ധ സമിതി രൂപതാനേതൃത്വം ബഹു. ജില്ലാകളക്ടർക്ക് നൽകി. ആദിവാസികൾ 175 ദിവസമായി നടത്തുന്ന സഹന സമരത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു.

**ലോക ലഹരിവിരുദ്ധദിനം**

'കാസ'യുടെ നേതൃത്വത്തിൽ ലോക ലഹരിവിരുദ്ധ ദിനത്തിൽ വിദ്യാലയങ്ങളിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. റാലികൾ, സെമിനാർ, പോസ്റ്റർ പ്രദർശനം, കൊളാഷ് നിർമ്മാണം എന്നിവ നടത്തി.

**അസംപ്ഷൻ ഹൈസ്കൂൾ**

അസംപ്ഷൻ ഹൈസ്കൂൾ ലഹരിവിരുദ്ധ ദിനാചരണം സ്കൂൾ ഹെഡ്മിസ്ട്രസ് ത്രേസ്യാമ്മടീച്ചർ ഉദ്ഘാടനം ചെയ്തു. കൊളാഷ്, പോസ്റ്റർ എന്നിവ നിർമ്മിച്ചു. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു. ഷെൽസി ടീച്ചർ, ഷാജി സാർ, ശ്രീകുമാർ കർത്ത എന്നിവർ നേതൃത്വം നൽകി.

**അസംപ്ഷൻ യു.പി.**

ലഹരിവിരുദ്ധദിനം ആചരിച്ചു. 'കാസ' ലഹരിവിരുദ്ധ ക്ലബിന്റെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ ജോൺസൺ തൊഴുത്തുങ്കൽ നിർവ്വഹിച്ചു. വർഗ്ഗീസ് പി.എ., സുനിൽ അഗസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**W.M.O. മുട്ടിൽ**

ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് മുട്ടിൽ WMO ഹൈസ്കൂളിൽ ലഹരിവിരുദ്ധ സെമിനാറിന് രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ നേതൃത്വം നൽകി.

**ജി.എൽ.പി. കല്ലുപാടി**

കല്ലുപാടി ജി.എൽ.പി. സ്കൂൾ പി.ടി.എ.ക്ക് ലഹരിവിരുദ്ധ ബോധവത്ക്കരണം നടത്തി. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

**നടവയൽ സെന്റ് തോമസ് എച്ച്.എസ്.**

ലഹരിവിരുദ്ധ ദിനത്തിൽ വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തു. ലഹരിവിരുദ്ധവാരമായി ആചരിച്ചു. എല്ലാ ദിവസവും കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം നൽകി. പി.റ്റി.എ. ജനറൽ ബോഡിയോഗത്തിൽ കുട്ടികൾ രക്ഷിതാക്കൾക്ക് ലഹരിവിരുദ്ധ സന്ദേശം നൽകി. പ്രധാനാധ്യാപകൻ ടോമി എൻ.യു., ഷാജി ചന്ദനപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

## MARY MATHA ARTS & SCIENCE COLLEGE

Admissions to the first year degree programmes are still going on through CAP (Centralized Allotment Process) of Kannur University and will close on 30 July 2016. The classes officially began on 12 July 2016 and a combined meeting of the new entrants and their parents was held on the same day to acquaint them with general rules and codes of conduct to be followed on the campus. The third allotment will be published on 18 July 2016 and admissions will go on till 30 July 2016.

The pre-admission class PTA meetings are being held by the Departments to prevent ragging and other likely disciplinary issues. Mr Joseph Chandy, an NRI philanthropist who has been helping financially disadvantaged students with scholarships, visited the college on 23 June 2016 to distribute scholarships to the schools and colleges in Wayanad. The representatives of various institutions participated in the programme in which the entire college community lauded his acts of charity.

**Dr. Savio James V**
Principal

**പരിസ്ഥിതിദിനം**

ജൂൺ 5 ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് ജൂൺ 6-ാം തീയതി മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലും ലോകപരിസ്ഥിതിദിനമായി ആചരിക്കുകയും കൂടാതെ ഓർമ്മമരം പദ്ധതി പ്രകാരം വൃക്ഷതൈകൾനട്ടും, മറ്റു പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും ലോകപരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു.

**'സെഡോം അക്കാഡമിക്ക് കൗസിൽ' - യൂണിറ്റ് ടെസ്റ്റ്**

'സെഡോം'മിനു കീഴിലുള്ള എല്ലാ ഹൈസ്കൂളുകളിലെയും എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠനമികവ് മെച്ചപ്പെടുത്തുതിനുവേണ്ടി രൂപീകരിച്ച അക്കാദമിക്ക് കൗൺസിലിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ വർഷം വളരെ വിജയകരമായിരുന്നു. നമ്മുടെ എല്ലാ ഹൈസ്ക്കൂളുകളിലേയും എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കായുള്ള യൂണിറ്റ് ടെസ്റ്റിന്റെ ചോദ്യപേപ്പർ ഓരോ വിഷയങ്ങളുടെയും വിദഗ്ധരുടെ സഹായത്തോടെ യൂണിറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും യൂണിറ്റ് ഒന്നും രണ്ടും യഥാക്രമം ജൂൺ, ജൂലൈ മാസങ്ങളിൽ നടത്തുകയും ചെയ്തു. ഇതിനായി അത്യധ്വനം ചെയ്ത എല്ലാ പ്രധാന അധ്യാപകർക്കും, മറ്റ് അധ്യാപകർക്കും, രക്ഷിതാക്കൾക്കും ഇതിനായി സഹകരിച്ച എല്ലാവരെയും പ്രത്യേകിച്ച് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി പ്രയത്നിക്കുന്ന കൗൺസിൽ അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ വർഷം മുതൽ എട്ട്, ഒൻപത് ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി യൂണിറ്റ് ടെസ്റ്റുകൾ കൂടുതൽ ഊർജ്ജിതമാക്കുതിന് വേണ്ടി ഈ മാസം മുതൽ എട്ട്, ഒൻപത് ക്ലാസ്സുകൾക്കും കൂടി യൂണിറ്റ് ടെസ്റ്റ് ഉണ്ടായിരിക്കുതാണ്. തുടർന്നും എല്ലാ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ശിലാസ്ഥാപനം നടത്തി**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള പാടിച്ചിറ സെന്റ്. സെബാസ്റ്റ്യൻസ് യു.പി സ്കൂളിന്റെ

പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. രൂപതാ വികാരി ജന റാൾ മോ. മാത്യു മാടപ്പള്ളിക്കുന്നേൽ ശിലാസ്ഥാപനകർമ്മം നടത്തി. കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയ്ക്കൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ. സജി പുഞ്ചയിൽ, പ്രധാനാദ്ധ്യാപ കൻ ശ്രീ.ജോസൻ കെ.ജി, പി.ടി.എ പ്രസിഡന്റ് മദർ പി.ടി.എ പ്രസി ഡന്റ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. 13 ക്ലാസ്സ് മുറികളോടുകൂടി നിർമ്മിക്കുന്ന പുതിയ സ്കൂൾ കെട്ടിടത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകളും, കംപ്യൂട്ടർ ലാബും അടങ്ങിയ നൂതന സംവിധാനങ്ങൾ ഉണ്ടായിരിക്കും.

**ആദരാഞ്ജലികൾ**

നമ്മുടെ 'സെഡോം' കുടുംബത്തിലെ അംഗമായിരുന്ന, തവിഞ്ഞാൽ സെന്റ് തോമസ് യു.പി സ്കൂളിൽ നിന്നും 2016 മാർച്ചിൽ വിരമിച്ച ഹെഡ്മാസ്റ്റർ ശ്രീ. മത്തായി കൊടിയംകുന്നേൽ (56) സാറ് 20-07-2016 ന് നമ്മിൽ നിന്നും വേർപിരിഞ്ഞ ദുഃഖവാർത്ത നാമെല്ലാ വരും അറിഞ്ഞതാണ്. പരേതന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ നമുക്കും പങ്കുചേരാം. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും, ആത്മാവിന് നിത്യശാന്തി ലഭി ക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

**HM പ്രമോഷൻ & ട്രാൻസ്ഫർ**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2016-2017 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക നിയ മനത്തിനുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള HSS, HS, TTI, UP & LP പ്രാധാനാധ്യാപകരുടെ പ്രമോഷനും ട്രാൻസ്ഫറും പ്രസിദ്ധീ കരിച്ചു.

HSS: സിസ്റ്റർ സാലിമ്മ വർഗ്ഗീസ് - നടവയൽ എച്ച്.എസ്.എസ്

TTI: ശ്രീ. സണ്ണി. റ്റി.റ്റി - മാനന്തവാടി സെന്റ് ജോസഫ് റ്റി.റ്റി.ഐ

HS: ശ്രീ.ജോ.എം.കെ - പയ്യംപള്ളി എച്ച്.എസ്, ശ്രീ.വർക്കി. പി.ജെ - അടയ്ക്കാത്തോട് എച്ച്.എസ്.

UP: ശ്രീ.ജോൺ. റ്റി.വി - തവിഞ്ഞാൽ യു.പി.എസ്, ശ്രീ.രാജൻ എം.വി - തരിയോട് യു.പി.എസ്, ശ്രീ.ബിജു മാത്യൂ - കൊമ്മയാട് യു.പി.എസ്.

LP: ശ്രീ.ബെന്നി ആന്റണി - അരിഞ്ചേർമല എൽ.പി.എസ്, ശ്രീ.

ചെറിയാൻ എ.ജെ - വാഴവറ്റ എൽ.പി.എസ്, ശ്രീ. കുര്യൻ. കെ.യു.- കൊളവയൽ എൽ.പി.എസ്, ശ്രീ. ഫ്രാൻസിസ് കെ.കെ - ഏലപ്പീടിക എൽ.പി.എസ്, ശ്രീമതി. സാലി മാത്യു -പോരൂർ എൽ.പി.എസ്, ശ്രീമതി. ലിസ്സി വി.ജെ- മണിമൂളി എൽ.പി.എസ്,

പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരിക്കുന്ന എല്ലാ പ്രധാനാ ധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**അസംപ്ഷൻ യു.പി. സ്കൂൾ ബത്തേരി**

ടോയ്‌ലറ്റ് കോപ്ലക്സ് ഉദ്ഘാടനം സുൽത്താൻ ബത്തേരി മുനി സിപ്പാലിറ്റി എട്ടര ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച് നൽകിയ ടോയ്‌ലറ്റ് കോപ്ലക്സ് ഉദ്ഘാടനം മുനിസിപ്പൽ ചെയർമാൻ സി.കെ സദാനന്ദൻ നിർവ്വഹിച്ചു. മുനിസിപ്പൽ കൗൺസിലർ ശ്രീ.ടി.കെ സാബു അധ്യക്ഷത വഹിച്ചു. സ്ക്കൂൾ മാനേജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ, പി.ടി.എ പ്രസിഡന്റ് ടിജി ചെറുതോട്ടിൽ എന്നിവർ പ്രസംഗിച്ചു.

സ്മാർട്ട് ക്ലാസ്സ് റൂമുകൾ - ഏഴ് ക്ലാസ്സ് മുറികൾകൂടി, സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കി കുട്ടികൾക്ക് തുറന്നുകൊടുത്തു. സ്ക്കൂൾ മാനേ ജർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു.

വായനാവാരം - വായനാവാരത്തോടനുബന്ധിച്ച് സ്ക്കൂളിൽ 50 സാഹിത്യകാരൻമാരേയും അവരുടെ കൃതികളെയും പരിചയ പ്പെടുത്തുന്ന പോസ്റ്റർ ഷോ നടത്തി.

ക്ലാസ്സ് ലൈബ്രറി - 1026 പുസ്തകങ്ങളുമായി ക്ലാസ്സ് ലൈബ്രറി സജ്ജീകരിച്ചു.

സെമിനാർ - ജൂൺ 24ന് 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി.

ലഹരി വിരുദ്ധ ദിനം - ലഹരി വിരുദ്ധ ക്ലബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനം ആചരിച്ചു.

ബഷീർ അനുസ്മരണം - ബഷീർ അനുസ്മരണത്തിന്റെ ഭാഗ മായി മാങ്കോസ്റ്റിൻ മരം നട്ടു. ബഷീർ കൃതികൾ പരിചയപ്പെടുത്തി.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ



## സീറോമലബാർ സഭയ്ക്ക് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ്

സീറോമലബാർ സഭയ്ക്ക് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ് സീറോമലബാർ സഭയുടെ പബ്ലിക്ക് റിലേഷൻസ് ഓഫീസ് ഔദ്യോഗിക മൊബൈൽ ന്യൂസ് ആപ്പ് സീറോമലബാർന്യൂസ് എന്നപേരിൽ കമ്മീഷൻ ചെയ്തു. സഭയിലെ നാൽപ്പത്തി അഞ്ചുലക്ഷത്തോളം വരുന്ന വിശ്വാസികൾക്കും, ലോകമാസകലമുള്ള എല്ലാജനങ്ങൾക്കും സഭാവാർത്തകളും പ്രതികരണങ്ങളും എത്രയും പെട്ടെന്ന് അറിയാൻ അവസരമൊരുക്കുക എന്നലക്ഷ്യത്തോടെയാണ് മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

ആൻഡ്രോയ്ഡ്, ഐ ഫോൺ ഉപയോക്താക്കൾ പ്ലേ സ്റ്റോറിൽ നിന്നും സീറോമലബാർന്യൂസ് ഡൗൺലോഡ്ചെയ്യുക. വിൻഡോസ് ആപ്ലിക്കേഷൻ ഉപയോഗിക്കുന്നവർക്ക് ഗൂഗിൾ വഴി സീറോമലബാർ ന്യൂസ് ആപ്പിൽ എത്താം. നിങ്ങളുടെ അഭിപ്രായങ്ങളും സംശയങ്ങളും syromalabarpro@gmail.com എന്ന വിലാസത്തിൽ അറിയിക്കുക.

**ഫാ. ജിമ്മി പൂച്ചക്കാട്ട്**
ഔദ്യോഗിക വക്താവ്

# Pastoral Centre Programme



**Aug 2016**

| | |
|---|---|
| 1-2 | Department of Youth Ministry |
| 2 | KCYM Vanitha Sangamam |
| 6 | Zion |
| 6 | SMMA |
| 7-10 | Marriage Preparation Course |
| 10 | Marian Singles |
| 12 | KCYM Syndicate |
| 12-13 | Department of Youth Ministry |
| 13 | SMMA Animators Meeting |
| 14-18 | Zion Retreat |
| 21-25 | Zion Retreat |
| 23-24 | Department of Youth Ministry |
| 24 | CML |
| 26-29 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***August 2016***

| | | |
|---|---|---|
| 1 | Mon -3 Wed........ | Engaged |
| 5 | Fri .................... | Out of station |
| 6 | Sat ..................... | Meeting with Capuchin Novices |
| 7 | Sun - 13 Sat ...... | Ernakulam: KCBC |
| 16 | Tue ................. | Monthly Recollection Gudalloor Region |
| 21 | Sun - Sept 3 ..... | Kakkanad: Mount St.Thomas-Synod |

***September 2016***

| | | |
|---|---|---|
| 4 | Sun .................. | Nadavayal: Holy Mass<br>Bl. Mother Theresa Chapel |
| 5 | Mon ................ | Visitors' Day |
| 6 | Tue 7 Wed ........ | Kunnoth |
| 8 | Thu Morning .... | Padichira |
| | Afternoon ... | Thariode: Holy Mass-Inauguration of Jubilee |
| 9 | Fri 10 Sat ..... | Engaged |
| 12 | Mon ................. | Visitors' Day |
| 14 | Wed ................. | Visitors' Day |
| 15 | Thu 16 Fri ........ | Out of Station |
| 18 | Sun 23 Fri ........ | Priest's Retreat |
| 20 | Tue 21 Wed ..... | Bathery: Regional Bishop's Meet |
| 25 | Sun 30 Fri ........ | Priest's Retreat |